# ദൈവരാജ്യം

OFFICIAL ORGAN OF THE EPARCHY OF KOTHAMANGALAM

Vol. LIII No. 1 January 2014


## ലോകസമാധാനദിന സന്ദേശം

### ഫ്രാൻസിസ് മാർപാപ്പാ

### 1 ജനുവരി 2014

*സാഹോദര്യം: സമാധാനത്തിന്റെ അടിസ്ഥാനവും അതിലേയ്ക്കുള്ള പാതയും*

1. ലോകസമാധാനദിനാചരണത്തെക്കുറിച്ച് എന്റെ ഈ പ്രഥമ സന്ദേശത്തിൽ എല്ലാവർക്കും - വ്യക്തികൾക്കും ജനതകൾക്കും - സന്തോഷവും പ്രത്യാശയും നിറഞ്ഞ ജീവിതം ഉണ്ടാകട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. ഓരോ വ്യക്തിയുടെയും ഹൃദയത്തിൽ പൂർണമായ ജീവിതത്തിനുള്ള ആഗ്രഹമുണ്ട്. സാഹോദര്യത്തിനു വേണ്ടിയുള്ള അമർത്തപ്പെടാനാവാത്ത ആഗ്രഹം അതിൽപ്പെടുന്നു. അതു മറ്റുള്ളവരുമായുള്ള സൗഹൃദബന്ധത്തിലേയ്ക്കു നമ്മെ നയിക്കുന്നു. മറ്റുള്ളവരെ ശത്രുക്കളോ എതിരാളികളോ ആയി കാണാതെ സ്വീകരിച്ച് ആശ്ലേഷിക്കേണ്ട സഹോദരീ സഹോദരന്മാരായി സ്വീകരിച്ച് ആശ്ലേഷിക്കാൻ അതു സഹായിക്കുന്നു.

സാഹോദര്യം സാരാംശപരമായ ഒരു മാനുഷിക ഗുണമാണ്. കാരണം, നമ്മൾ പരസ്പരം ബന്ധപ്പെട്ട ജീവികളാണ്. ബന്ധത്തെക്കുറിച്ചുള്ള നമ്മുടെ സജീവമായ ബോധം മറ്റുള്ളവരെ സഹോദരീ സഹോദരന്മാരായി കാണാൻ നമ്മെ സഹായിക്കുന്നു. സാഹോദര്യമില്ലാതെ നീതിയുള്ള സമൂഹമോ ദൃഢവും ശാശ്വതവുമായ സമാധാനമോ സൃഷ്ടിക്കാൻ കഴിയുകയില്ല. സാഹോദര്യം ആദ്യം പഠിക്കുന്നത്

പൊതുവേ കുടുംബങ്ങളിൽ വച്ചാണെന്ന് നാം ഓർമ്മിക്കണം. അതിന്റെ ഓരോ അംഗത്തിന്റെയും - പ്രത്യേകിച്ച് മാതാപിതാക്കളുടെ - ഉത്തരവാദിത്വപൂർണവും പരസ്പരപൂരകവുമായ ധർമ്മത്തിന്റെ സഹായത്താലാണ്, സർവോപരി, അതു പഠിക്കുന്നത്. കുടുംബം എല്ലാ സാഹോദര്യത്തിന്റെയും ഉറവിടമാണ്. അത് പ്രകൃത്യാ സമാധാനത്തിന്റെ അടിസ്ഥാനവും അതിലേയ്ക്കുള്ള പ്രഥമപാതയുമാണ്. കാരണം, കുടുംബം അതിനുള്ള വിളി മൂലം ചുറ്റുമുള്ള ലോകത്തിലേയ്ക്ക് സ്നേഹം വ്യാപിപ്പിക്കേണ്ടതാണ്.

ഇന്നത്തെ ലോകത്തിലുള്ള വർധമാനമായ പരസ്പരബന്ധങ്ങളും ആശയവിനിമയ മാർഗങ്ങളും രാഷ്ട്രങ്ങളുടെ ഐക്യത്തെയും പൊതുഭാഗധേയത്തെയും കുറിച്ചുള്ള ബോധം നമ്മിൽ ശക്തിപൂർവം ജനിപ്പിക്കുന്നുണ്ട്. ചരിത്രത്തിന്റെ സ്വയംചാലക പ്രവർത്തനത്തിൽ, വംശപരമായ ഗ്രൂപ്പുകൾ, സമൂഹങ്ങൾ, സംസ്കാരങ്ങൾ എന്നിവയിൽ, പരസ്പരം സ്വീകരിക്കുകയും പരിചരിക്കുകയും ചെയ്യുന്ന സഹോദരീസഹോദരന്മാരുള്ള സമൂഹം രൂപപ്പെടുത്താനുള്ള വിളിയുടെ വിത്തുകൾ നാം കാണുന്നു. പക്ഷേ, ഈ വിളി ഇന്നു മിക്കപ്പോഴും നിഷേധിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്യുന്നു. "നിസ്സംഗതയുടെ ആഗോളീകരണ"ത്താൽ മുദ്രിതമായ ഇന്നത്തെ ലോകത്തിൽ ഇതു സംഭവിക്കുന്നു. സാവധാനത്തിൽ മറ്റുള്ളവരുടെ സഹനം അവഗണിച്ച് തന്നിൽത്തന്നെ അടച്ചുപൂട്ടിക്കഴിയാൻ ഇന്നത്തെ ലോകം പ്രേരിപ്പിക്കുകയാണ്.

ലോകത്തിന്റെ പലഭാഗങ്ങളിലും മൗലികങ്ങളായ മാനുഷികാവകാശങ്ങൾക്കെതിരേ - പ്രത്യേകിച്ച്, ജീവിക്കാനും മതസ്വാതന്ത്ര്യം ആസ്വദിക്കാനുമുള്ള അവകാശങ്ങൾക്കെതിരേ- നടക്കുന്ന ഗൗരവപൂർണമായ അക്രമങ്ങൾക്ക് അവസാനമില്ലാത്തതായി തോന്നുന്നു. മനുഷ്യക്കടത്ത് എന്ന ദുരന്തപരമായ പ്രതിഭാസം ഇതിന്റെ അസ്വാസ്ഥ്യജനകമായ ഒരു ഉദാഹരണമാണ്. മനുഷ്യക്കടത്തിൽ മനസ്സാക്ഷിയില്ലാത്തവർ മറ്റുള്ളവരുടെ ജീവനെയും നിസ്സഹായാവസ്ഥയെയും പിന്തുടർന്നു കൊള്ളയടിക്കുന്നു. പരസ്യ മായ സായുധയുദ്ധങ്ങളോടൊപ്പം ഏറെക്കുറെ അദൃശ്യവും എന്നാൽ ക്രൂരതയിൽ ഒട്ടും കുറയാത്തതുമായ യുദ്ധങ്ങൾ നടക്കുന്നുണ്ട്. സാമ്പത്തികവും പണപരവുമായ മേഖലകളിലാണ്, ജീവൻ, കുടുംബം, ബിസിനസ്സ് എന്നിവയ്ക്കെതിരേ തുല്യനശീകരണശക്തിയുള്ള മാർഗങ്ങൾ ഉപയോഗിച്ച് അവ നടത്തുന്നത്.

ബെനഡിക്ട് 16-ാമൻ മാർപാപ്പാ പറഞ്ഞതുപോലെ ആഗോളവത്കരണം നമ്മെ അയൽക്കാരാക്കുന്നു. പക്ഷേ, നമ്മെ സഹോദരരാക്കുന്നില്ല.[1] അസമത്വം, ദാരിദ്ര്യം, അനീതി എന്നിവയുടെ അനേകം സാഹചര്യങ്ങൾ സാഹോദര്യത്തിന്റെ അഗാധമായ അഭാവത്തിന്റെ മാത്രം അടയാളങ്ങളല്ല. പിന്നെയോ ഐക്യദാർഢ്യത്തിന്റെ അഭാവത്തിന്റെയും അടയാളങ്ങളാണ്. അനിയന്ത്രിതമായ വ്യക്തിവാദം, അഹംപ്രത്യയവാദം, ഭൗതികവാദപരമായ ഉപഭോഗ സംസ്കാരം എന്നിവയുടെ സവിശേഷതകളുള്ള പുതിയ പ്രത്യയ ശാസ്ത്രങ്ങൾ സാമൂഹികബന്ധങ്ങളെ ദുർബലപ്പെടത്തുന്നു. "വലിച്ചെറിയൽ" മനോഭാവം ജ്വലിപ്പിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. അതാകട്ടെ, ഏറ്റവും ദുർബലരായവരെയും "ഉപയോഗശൂന്യ"രെന്നു കരുതപ്പെടുന്നവരെയും പുച്ഛിക്കുകയും തള്ളിക്കള യുകയും ചെയ്യുന്നു. അങ്ങനെ മാനുഷിക സഹവർത്തിത്വം വർധമാനമായ തോതിൽ "തരാൻവേണ്ടി കൊടുക്കുക"യെന്ന ചിന്താഗതി പ്രതിഫലിപ്പിക്കാൻ തുടങ്ങുന്നു. അതാകട്ടെ, പ്രായോഗിക താവാദപരവും സ്വാർത്ഥപരവുമാണ്.

അതേസമയം സാഹോദര്യത്തിന്റെ യഥാർത്ഥ ബന്ധങ്ങൾ സൃഷ്ടിക്കാൻ ഇന്നത്തെ ധാർമ്മിക സമ്പ്രദായങ്ങൾക്കു കഴിയാതിരിക്കുന്നുവെന്നു തോന്നുന്നു. എന്തെന്നാൽ സാഹോദര്യം അതിന്റെ അടിസ്ഥാനമായ പൊതുപിതാവിനെ പരാമർശിക്കാതിരുന്നാൽ അത് നിലനില്ക്കുകയില്ല. ജനതകളുടെയിടയിലുള്ള സാഹോദര്യത്തിന്റെ മുൻവ്യവസ്ഥയായി സർവാതിശായിയായ ഒരു പിതാവിനെ ആവശ്യപ്പെടുന്നുണ്ട്. ആ പിതൃത്വത്തിന്റെ അംഗീകാരത്തെ അടിസ്ഥാനപ്പെടുത്തി മാനുഷിക സാഹോദര്യം ദൃഢീകരിക്കപ്പെടുന്നു; ഓരോ വ്യക്തിയും മറ്റുള്ളവരെ സൂക്ഷിക്കുന്ന "അയൽക്കാരൻ" ആയിത്തീരുന്നു.

### നിന്റെ സഹോദരൻ എവിടെ? (ഉത്പ 4:9)

2. സാഹോദര്യത്തിലേയ്ക്ക് മനുഷ്യനു ലഭിച്ചിരിക്കുന്ന വിളി മനസ്സിലാക്കാൻ, അതിന്റെ സാക്ഷാത്കാരത്തിനുള്ള വഴിയിൽ നില്ക്കുന്ന തടസ്സങ്ങൾ കൂടുതൽ വ്യക്തമായി ഗ്രഹിക്കാൻ, അവയെ കീഴടക്കാനുള്ള മാർഗങ്ങൾ തിരിച്ചറിയാൻ, ദൈവത്തിന്റെ പദ്ധതി അറിയാൻ ശ്രമിക്കുകയെന്നത് അത്യധികം പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. ആ പദ്ധതി വിശുദ്ധ ലിഖിതങ്ങളിൽ ശ്രേഷ്ഠമായ രീതിയിൽ അവതരിപ്പിച്ചിട്ടുണ്ട്. ബൈബിൾ നല്കുന്ന സൃഷ്ടിയുടെ

വിവരണമനുസരിച്ച് എല്ലാ ജനതകളും ആദം, ഹവ്വ എന്നീ പൊതു മാതാപിതാക്കളിൽ നിന്നുണ്ടായവരാണ്. ആ മാതാപിതാക്കൾ ദൈവം സ്വന്തം ഛായയിൽ സൃഷ്ടിച്ച ദമ്പതികളാണ് (ഉല്പ.1:26). അവർക്ക് കായേൻ, ആബേൽ എന്ന രണ്ടു പുത്രന്മാരുണ്ടായിരുന്നു. ഈ ആദിമ കുടുംബത്തിന്റെ കഥയിൽ സമൂഹത്തിന്റെ ഉത്പത്തിയും വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ പരിണാമവും നാം കാണുന്നു.

ആബേൽ ആട്ടിടയനും കായേൻ കൃഷിക്കാരനുമാണ്. അവരുടെ അത്യഗാധമായ തനിമയും അവർക്കുള്ള വിളിയും സഹോദരന്മാരാ യിരിക്കുകയെന്നതാണ്. അവരുടെ പ്രവർത്തനവും സംസ്കാരവും ദൈവത്തോടും സൃഷ്ടിയോടുമുള്ള അവരുടെ ബന്ധവും വ്യത്യസ്ത മാണെങ്കിലും അവരുടെ തനിമയും വിളിയും അതാണ്. സഹോദര ന്മാരായിരിക്കുകയെന്ന അവരുടെ വിളി മൗലികമായി തള്ളിക്കള ഞ്ഞതിന്റെ ദുരന്തപരമായ സാക്ഷ്യമാണ് കായേൻ ആബേലിനെ വധിച്ചു എന്ന അവരുടെ കഥ (ഉല്പ. 4:1-16). പ്രയാസമുള്ള ഒരു ദൗത്യം അത് വ്യക്തമാക്കുന്നുണ്ട്. എല്ലാ മനുഷ്യരും ഒരാൾ മറ്റൊരാളെ സംരക്ഷിച്ചുകൊണ്ട് ഒന്നായി ജീവിക്കണമെന്ന വിളിയാണത്. ആബേൽ തന്റെ ആട്ടിൻക്കൂട്ടത്തിലെ ഏറ്റവും നല്ലതിനെ ദൈവത്തിനു സമർപ്പിക്കുകയും ദൈവം അതിൽ സംപ്രീതനാവുകയും കായേൻ സമർപ്പിച്ച ബലിയിൽ സംപ്രീതനാകാതിരിക്കുകയും ചെയ്തു. "ആബേ ലിലും അവന്റെ കാഴ്ചവസ്തുക്കളിലും അവിടന്ന് പ്രസാദിച്ചു. എന്നാൽ കായേനിലും അവന്റെ കാഴ്ചവസ്തുക്കളിലും അവിടന്നു പ്രസാ ദിച്ചില്ല" (ഉല്പ. 4:4-5). ദൈവത്തിന് ആബേലിലുള്ള താത്പര്യാധിക്യം അംഗീകരിക്കാൻ കഴിയാതെ കായേൻ അസൂയ കൊണ്ട് ആബേലിനെ വധിച്ചു. അങ്ങനെ കായേൻ ആബേലിനെ സഹോദരനായി കരുതി യില്ല. മറ്റുള്ളവരെ ശ്രദ്ധിക്കുകയും സംരക്ഷിക്കുകയും ചെയ്യാനുള്ള ഉത്തരവാദിത്വം സ്വീകരിച്ചുകൊണ്ട് നീതിപൂർവം ജീവിക്കാൻ വിസ മ്മതിച്ചു. അവന്റെ നീചപ്രവൃത്തിക്ക് അവൻ ഉത്തരം കൊടുക്കണമെന്ന് "നിന്റെ സഹോദരൻ എവിടെ" എന്നു ചോദിച്ചുകൊണ്ട് ദൈവം വ്യക്തമാക്കി. കായേൻ ഇങ്ങനെ ഉത്തരം പറഞ്ഞു: "എനിക്കറി ഞ്ഞുകൂടാ. ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനാണോ (ഉല്പ. 4:9)? അപ്പോൾ "കായേൻ കർത്താവിന്റെ സാന്നിധ്യത്തിൽ നിന്ന് അകന്നുപോയി" (ഉല്പ. 4:16) എന്ന് ഉത്പത്തി ഗ്രന്ഥം പറയുന്നു.

നാം നമ്മോടു തന്നെ ഇങ്ങനെ ചോദിക്കണം: സാഹോദര്യ

ത്തിന്റെ ബന്ധം അവഗണിക്കാൻ കായേനെ പ്രേരിപ്പിച്ച കാരണങ്ങൾ ഏവയാണ്? ആബേലിനോട് അയാളെ ബന്ധിപ്പിച്ചിരുന്ന പാരസ്പര്യവും സൗഹൃദവും അവഗണിക്കാൻ പ്രേരിപ്പിച്ച ഹേതുക്കൾ ഏവ? ദൈവം കായേനെ കുറ്റപ്പെടുത്തുകയും അയാളും തിന്മയും തമ്മിലുള്ള സംഘർഷത്തെക്കുറിച്ചു ശാസിക്കുകയും ചെയ്തിരുന്നു: "പാപം നിന്റെ പടിവാതുക്കൽ പതിയിരിക്കുന്നു" (ഉല്പ. 4:7). പക്ഷേ, കായേൻ തിന്മയെ എതിർക്കാൻ വിസമ്മതിക്കുകയും പകരം തന്റെ "സഹോദരനായ ആബേലിനെതിരേ കൈ ഉയർത്തുകയും ചെയ്തു" (ഉല്പ. 4:8). അങ്ങനെ ദൈവത്തിന്റെ പദ്ധതി അയാൾ പുച്ഛിച്ചുതള്ളി. ദൈവത്തിന്റെ ശിശുവും സാഹോദര്യത്തിൽ ജീവിക്കുന്നവനുമായിരിക്കാനുള്ള ആദിമ വിളി അയാൾ തള്ളിക്കളഞ്ഞു.

സാഹോദര്യത്തിലേയിക്കുള്ള ഒരാന്തരികവിളി നമുക്കുണ്ടെന്നും അതു തള്ളിക്കളയാനുള്ള ദുരന്തപരമായ കഴിവു നമുക്കുണ്ടെന്നും കായേന്റെയും ആബേലിന്റെയും കഥ നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ സ്വാർത്ഥതയുടെ അനുദിനപ്രവൃത്തികൾ ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ട്. ആ പ്രവൃത്തികൾ അനേകം യുദ്ധങ്ങൾക്കും വളരെയേറെ അനീതിക്കും അടിസ്ഥാനഹേതുമാണ്. പരസ്പരപ്രവർത്തനത്തിനും സംസർഗത്തിനും ആത്മദാനത്തിനും വേണ്ടിയുള്ളവരാണു തങ്ങൾ എന്ന് അറിയാനാവാത്ത, തങ്ങൾ ആരാണെന്ന് അറിയാൻ കഴിയാത്ത, സഹോദരീസഹോദരന്മാരുടെ കൈകൾകൊണ്ട് അനേകർ കൊല്ലപ്പെടുന്നു.

**നിങ്ങൾ എല്ലാവരും സഹോദരന്മാരായിരിക്കണം (മത്താ 23:8)**

3. ഒരു ചോദ്യം ഇവിടെ സ്വാഭാവികമായി ഉയരുന്നു: ഈ ലോകത്തിലെ സ്ത്രീപുരുഷന്മാർ, ദൈവം അവരിൽ നിക്ഷേപിച്ചിട്ടുള്ള സാഹോദര്യാഭിലാഷത്തോട് എന്നെങ്കിലും പൂർണമായി പ്രത്യുത്തരിക്കുമോ? നിസ്സംഗത, അഹംഭാവം, വിദ്വേഷം എന്നിവ സ്വശക്തികൊണ്ടു കീഴടക്കാനും സഹോദരീസഹോദരന്മാർക്കു സവിശേഷമായിട്ടുള്ള നിയമപരമായ വ്യത്യാസങ്ങൾ സ്വീകരിക്കാനും എന്നെങ്കിലും കഴിയുമോ?

കർത്താവായ ക്രിസ്തു നല്കിയ ഉത്തരം അവിടത്തെ വാക്കുകൾ വ്യാഖ്യാനിച്ച് സംക്ഷേപിക്കാം. അവിടന്നു പറഞ്ഞു: "നിങ്ങൾക്ക് ഒരു പിതാവേ ഉള്ളൂ. അതു ദൈവമാണ്. നിങ്ങൾ എല്ലാവരും സഹാദരീ

സഹോദരന്മാരാണ്" (cf മത്താ 23:8-9). സാഹോദര്യത്തിന്റെ അടിസ്ഥാനം ദൈവത്തിന്റെ പിതൃത്വമാണ്. നാം ഇവിടെ പറയുന്നത് അവ്യക്തവും ചരിത്രപരമായി ഫലശൂന്യവുമായ പൊതുപിതൃത്വത്തെക്കുറിച്ചല്ല. പിന്നെയോ ഓരോ പുരുഷനോടും സ്ത്രീയോടും ദൈവത്തിനുള്ള സവിശേഷവും അസാധാരണമാംവിധം വസ്തുനിഷ്ഠവും വ്യക്തിപരവുമായ സ്നേഹത്തെക്കുറിച്ചാണ് (cf മത്താ 6:25-30). അതുകൊണ്ട് കാര്യക്ഷമമായി സാഹോദര്യം സൃഷ്ടിക്കുന്ന ഒരു പിതൃത്വമാണ്. എന്തെന്നാൽ ദൈവസ്നേഹം ഒരിക്കൽ സ്വാഗതം ചെയ്യപ്പെട്ടാൽ അത് പരിവർത്തനത്തിനുള്ള വലിയ മാർഗമായിത്തീരും. അത് നമ്മുടെ ജീവിതത്തെയും മറ്റുള്ളവരുമായുള്ള ബന്ധങ്ങളെയും, നമ്മെ ഐക്യദാർഢ്യത്തിലേയ്ക്കും യഥാർത്ഥമായ പങ്കുവയ്ക്കലിലേയ്ക്കും തുറന്നുകൊണ്ട് പരിവർത്തനം ചെയ്യിക്കുന്നു.

ക്രിസ്തു ഒരു പ്രത്യേക വിധത്തിൽ മാനുഷിക സാഹോദര്യത്തെ വീണ്ടും ജനിപ്പിക്കുന്നു. യേശുക്രിസ്തുവിലും യേശുക്രിസ്തുവിനാലും - അവിടത്തെ മരണോത്ഥാനങ്ങൾ വഴി- അതു പുനർജനിപ്പിക്കപ്പെടുന്നു. മനുഷ്യർക്ക് സ്വന്തം പ്രയത്നത്താൽ ജനിപ്പിക്കാനാവാത്ത ആ സാഹോദര്യത്തിന്റെ സുനിശ്ചിതമായ അടിസ്ഥാനം കുരിശാണ്. മനുഷ്യസ്വഭാവത്തെ രക്ഷിക്കാൻ വേണ്ടി മനുഷ്യത്വം സ്വീകരിച്ച യേശുക്രിസ്തു കുരിശിലെ മരണംവരെ പിതാവിനെ സ്നേഹിച്ചുകൊണ്ട് (cf ഫിലി 2:8) തന്റെ ഉത്ഥാനം വഴി സാഹോദര്യത്തിലേയ്ക്ക് നമുക്കുള്ള വിളിയുടെ സമ്പൂർണ സാക്ഷാത്കാരമാകുന്ന ദൈവേഷ്ടത്തോടും അവിടത്തെ പദ്ധതിയോടും പൂർണമായി യോജിക്കുന്ന പുതിയൊരു മനുഷ്യത്വം നമ്മിൽ നിന്നു സൃഷ്ടിച്ചു.

യേശു ആരംഭം മുതൽ പിതാവിന്റെ പദ്ധതി, മറ്റെല്ലാറ്റിനെക്കാളും പ്രാധാന്യം കല്പിച്ചുകൊണ്ട്, സ്വീകരിച്ചു; പിതാവിനോടുള്ള സ്നേഹത്തെപ്രതി സ്വയം മരണത്തിനു സമർപ്പിച്ചുകൊണ്ട് നമ്മെ എല്ലാവരെയും സംബന്ധിച്ച സുനിർണീതവും നവീനവുമായ ഒരു തത്ത്വമായിത്തീർന്നു. നമ്മൾ എല്ലാവരും അവിടന്നിൽ സഹോദരീ സഹോദരന്മാരായി കരുതണം; ഒരേ പിതാവിന്റെ മക്കളെന്ന നിലയിൽ അങ്ങനെ ചെയ്യണം. അവിടന്നു തന്നെയാണ് ഉടമ്പടി. ദൈവവുമായും സഹോദരീ സഹോദരന്മാരെന്ന നിലയിൽ പരസ്പരവും അവിടത്തെ വ്യക്തിത്വത്തിൽ നമ്മൾ അനുരഞ്ജിതരായിരിക്കുന്നു. യേശുവിന്റെ

കുരിശുമരണം ജനതകൾ തമ്മിലുള്ള വിഭജനം അവസാനിപ്പിച്ചു. ഉടമ്പടിയുടെ ജനതയും അവിശ്വാസികളും തമ്മിലുള്ള വിഭജനം അവസാനിപ്പിച്ചു. അവിശ്വാസികൾ ആ നിമിഷം വരെ പ്രത്യാശ യില്ലാത്തവരായിരുന്നു. എന്തെന്നാൽ അവർ വാഗ്ദാനത്തിന്റെ ഉടമ്പടികളിൽ കക്ഷി ചേർന്നിരുന്നില്ല. എഫേസോസുകാർക്കുള്ള ലേഖനത്തിൽ നാം വായിക്കുന്നതുപോലെ യേശുക്രിസ്തുവാണ് എല്ലാ ജനതകളെയും തന്നിൽത്തന്നെ അനുരഞ്ജിപ്പിക്കുന്നത്. അവിടന്ന് സമാധാനമാണ്. എന്തെന്നാൽ അവിടന്ന് രണ്ടു ജനതകളെ ഒന്നിപ്പിച്ചു. അവരെ വേർതിരിച്ചിരുന്ന മതിൽ, അതായത്, അവർ തമ്മിലുള്ള ശത്രുത, തകർത്തു. അവിടന്ന് തന്നിൽത്തന്നെ ഒറ്റ ജനത്തെ, ഒരു പുതിയ മനുഷ്യനെ, ഒരു പുതിയ മനുഷ്യവംശത്തെ സൃഷ്ടിച്ചു (cf 2:14-16).

യേശുവിന്റെ ജീവിതം സ്വീകരിക്കുകയും അവിടന്നിൽ ജീവിക്കുക യും ചെയ്യുന്നവർ ദൈവത്തെ പിതാവായി അംഗീകരിക്കുകയും സർവോപരി, അവിടത്തെ സ്നേഹിച്ചുകൊണ്ട് അവിടത്തേക്ക് തങ്ങളെത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നു. അനുരഞ്ജിതനായ വ്യക്തി ദൈവത്തിൽ എല്ലാവരുടെയും പിതാവിനെ കാണുന്നു. അതിന്റെ അനന്തരഫലമായി എല്ലാവരോടും തുറവുള്ള സാഹോദര്യ ത്തിന്റെ ജീവിതം നയിക്കാൻ ഉത്തേജിതനാവുകയും ദൈവത്തിന്റെ പുത്രനോ പുത്രിയോ ആയി സഹോദരനോ സഹോദരിയോ ആയി ക്രിസ്തുവിൽ സ്വാഗതം ചെയ്യപ്പെടുന്നു. അപരിചിതനെപ്പോലെയല്ല, എതിരാളിയെയോ ശത്രുവിനെയോ പോലെയല്ല, സ്വാഗതം ചെയ്യപ്പെ ടുന്നത്. അവർ ദൈവത്തിന്റെ കുടുംബത്തിൽ ഒരേ പിതാവിന്റെ പുത്രീപുത്രന്മാരാണ്. അവർ ക്രിസ്തുവിനോട് ഒട്ടിക്കപ്പെട്ടവരാകയാൽ, ദൈവപുത്രനിൽ പുത്രീപുത്രന്മാരാകയാൽ "വലിച്ചെറിയാവുന്ന" ജീവിതങ്ങളല്ല. എല്ലാ സ്ത്രീ പുരുഷന്മാരും സമത്വവും അലംഘനീയത യുമുള്ള മഹത്ത്വത്തോടുകൂടിയവരാണ്. എല്ലാവരും ദൈവത്താൽ സ്നേഹിക്കപ്പെടുന്നു. എല്ലാവർക്കുംവേണ്ടി കുരിശിൽ മരിക്കുകയും ഉയിർക്കുകയും ചെയ്ത ക്രിസ്തുവിന്റെ രക്തത്താൽ എല്ലാവരും രക്ഷിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ സഹോദരീസഹോദരന്മാരുടെ അവസ്ഥയ്ക്കു മുമ്പിൽ ആർക്കും നിസ്സംഗരായി നില്ക്കാൻ കഴിയാതിരിക്കുന്നതിന്റെ കാരണം ഇതാണ്.

**സാഹോദര്യം, അടിസ്ഥാനവും സമാധാനത്തിലേക്കുള്ള പാതയും**

4. സമാധാനത്തിന്റെ അടിസ്ഥാനവും അതിലേയ്ക്കുള്ള മാർഗവും സാഹോദര്യമാണെന്ന് ഇപ്പറഞ്ഞതിൽ നിന്ന് എളുപ്പത്തിൽ മനസ്സിലാക്കാം. എന്റെ മുൻഗാമികൾ എഴുതിയ സാമൂഹിക ചാക്രികലേഖനങ്ങൾ ഈ വിഷയത്തിൽ ഏറെ സഹായകമാണ്. പോൾ 6-ാമൻ എഴുതിയ *ജനതകളുടെ പുരോഗതി,* ജോൺ പോൾ 2-ാമൻ എഴുതിയ *സാമൂഹിക ഔത്സുക്യം* എന്നീ ചാക്രികലേഖനങ്ങളിൽ സമാധാനത്തിനു നല്കിയതായി കാണുന്ന നിർവചനങ്ങൾ ശ്രദ്ധിച്ചാൽ മതിയാകും. ജനതകളുടെ സമഗ്രവിമോചനമെന്നതാണ് സമാധാനത്തിന്റെ പുതിയ പേരെന്ന് ആദ്യത്തെ ചാക്രികലേഖനത്തിൽ നാം ഗ്രഹിക്കുന്നു. സമാധാനം ഐക്യദാർഢ്യത്തിന്റെ ധർമ്മമാണെന്ന് രണ്ടാമത്തേതിൽനിന്നു നാം മനസ്സിലാക്കുന്നു.

വ്യക്തികൾ മാത്രമല്ല ജനതകളും സാഹോദര്യത്തിന്റെ ചൈതന്യത്തിൽ പരസ്പരം കണ്ടുമുട്ടണമെന്ന് പോൾ 6-ാമൻ പ്രസ്താവിച്ചു. അദ്ദേഹം പറയുന്നതുപോലെ, "നാം ഈ പരസ്പരധാരണയിലും സൗഹൃദത്തിലും, ഈ വിശുദ്ധ സംസർഗത്തിൽ ഒന്നിച്ച് അധ്വാനിക്കുകയും മനുഷ്യവംശത്തിന്റെ പൊതുഭാവി പണിതുയർത്തുകയും വേണം". ഒന്നാമതായി ഈ കടമ ഏറ്റവും വിശേഷാനുകൂല്യമുള്ള വരുടേതാണ്. അവരുടെ കടമകൾ മാനുഷികവും പ്രകൃത്യാതീതവുമായ സാഹോദര്യത്തിൽ വേരുറച്ചതാണ്. അത് മൂന്നുവിധത്തിൽ പ്രകാശിതമാകും. 1 ഐക്യദാർഢ്യത്തിനുള്ള കടമ. കൂടുതൽ സമ്പന്നമായ രാഷ്ട്രങ്ങൾ വികസനം കുറഞ്ഞ രാഷ്ട്രങ്ങളെ സഹായിക്കണമെന്ന് ഇത് ആവശ്യപ്പെടുന്നു. 2 സാമൂഹികനീതിയുടെ കടമ. കൂടുതൽ നീതിയുടെ അടിസ്ഥാനത്തിൽ ശക്തരും ദുർബലരും തമ്മിലുള്ള ബന്ധം വീണ്ടും ക്രമവത്കരിക്കണമെന്നാണ് ഈ നീതി ആവശ്യപ്പെടുന്നത്. 3. സാർവത്രിക പരോപകാരത്തിന്റെ കടമ. കൂടുതൽ മാനുഷികതയുള്ള ഒരു ലോകം വളർത്തിയെടുക്കണമെന്ന് ഇത് ആവശ്യപ്പെടുന്നു. ആ ലോകത്തിൽ ഓരോ വ്യക്തിക്കും എന്തെങ്കിലും കൊടുക്കാനും എന്തെങ്കിലും സ്വീകരിക്കാനുമുണ്ടാവും; അപരന്റെ വികസനത്തിനു തടസ്സമായിത്തീരുന്ന വിധത്തിൽ ഒരുവന്റെ പുരോഗ 4തിയുണ്ടാകാതെ നോക്കും.

അപ്പോൾ, സമാധാനത്തെ ഐക്യദാർഢ്യത്തിന്റെ ധർമ്മമായി പരിഗണിച്ചൽ, അതിന്റെ പ്രധാനപ്പെട്ട അടിസ്ഥാനം സാഹോദര്യ

മാണെന്ന് അംഗീകരിക്കാതിരിക്കാൻ സാധ്യമല്ല. സമാധാനം വിഭജിക്കാനാവാത്ത ഒരു നന്മയാണെന്ന് ജോൺ പോൾ രണ്ടാമൻ ഉറപ്പിച്ചു പറഞ്ഞു. ഒന്നുകിൽ അത് എല്ലാവരുടെയും നന്മയാണ്, അല്ലെങ്കിൽ ആരുടെയും നന്മയല്ല. "ഓരോ വ്യക്തിയും പൊതുനന്മയ്ക്ക് ദൃഢവും സ്ഥിരോത്സാഹമുള്ളതുമായ നിശ്ചയമെന്ന നിലയിൽ സ്വയം സമർപ്പിക്കുന്നു" എന്ന നിലയിലുള്ള ഐക്യദാർഢ്യത്താൽ നയിക്കപ്പെടണം. എങ്കിൽ മാത്രമേ ജീവിതത്തിന്റെ ഏറ്റവും ഉന്നതമായ ഗുണവും കൂടുതൽ മാനുഷികവും സുസ്ഥിരവുമായ വികസനവുമെന്ന നിലയിൽ സമാധാനം സമ്പാദിക്കാനും ആസ്വദിക്കാനും കഴിയുകയുള്ളൂ. "ലാഭത്തിനു വേണ്ടിയുള്ള ആഗ്രഹ"ത്താലോ "അധികാരത്തിനുവേണ്ടിയുള്ള ദാഹ"ത്താലോ നയിക്കപ്പെടണമെന്നല്ല അതിന്റെ അർത്ഥം. മറ്റുള്ളവരെ ചൂഷണം ചെയ്യുന്നതിനു പകരം അവർക്കുവേണ്ടി "സ്വയം നഷ്ടപ്പെടുക", സ്വന്തം ലാഭത്തിനുവേണ്ടി മറ്റുള്ളവരെ പീഡിപ്പിക്കുന്നതിനുപകരം "അവർക്കു സേവനം ചെയ്യുക". ഇതിനൊക്കെയും സന്നദ്ധതയാണ് ആവശ്യമായിരിക്കുന്നത്. "അപരനെ-വ്യക്തിയായാലും ജനമായാലും രാഷ്ട്രമായാലും-ഒരു ഉപകരണമായി കാണാൻ പാടില്ല. തൊഴിൽ ശേഷിയും ശാരീരിക ശക്തിയുമുള്ളവനെ ചെറിയ കൂലികൊടുത്ത് ചൂഷണം ചെയ്യപ്പെടാവുന്നവനും ഉപയോഗശൂന്യനാകുമ്പോൾ ഉപേക്ഷിക്കാനുള്ളവനുമായ ഉപകരണമായി കാണാൻ പാടില്ല. പിന്നെയോ 'അയൽക്കാര'നും 'സഹായി'യുമായി കാണണം."

നമ്മുടെ അയൽക്കാരനെ മനുഷ്യനായി മാത്രമല്ല ഒരു സഹോദരനായും സ്നേഹിക്കണമെന്ന് ക്രൈസ്തവ സ്നേഹം ഉദ്ദേശിക്കുന്നു. "സ്വന്തം അവകാശങ്ങളും മറ്റുള്ള ആരെയുംപോലെ മൗലികസമത്വവുമുള്ള മനുഷ്യജീവിയായിട്ടു മാത്രമല്ല, പിതാവായ ദൈവത്തിന്റെ സജീവപ്രതിഛായയായി, യേശുക്രിസ്തുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടവനായി, പരിശുദ്ധാത്മാവിന്റെ സ്ഥിരപ്രവർത്തനത്തിൻ കീഴിൽ സ്ഥാപിക്കപ്പെട്ടവനായി സ്നേഹിക്കണമെന്നും" ഉദ്ദേശിക്കുന്നു. ജോൺ പോൾ 2-ാമൻ വീക്ഷിക്കുന്നു: "ആ വിഷയത്തിൽ ദൈവത്തിന്റെ പൊതുപിതൃത്വം, ക്രിസ്തുവിൽ എല്ലാവരുടെയും സാഹോദര്യം - ദൈവപുത്രനിലുള്ള മക്കൾ - പരിശുദ്ധാത്മാവിന്റെ ജീവദായസാന്നിധ്യം എന്നിവയെക്കുറിച്ചുള്ള ബോധമുണ്ടായിരിക്കണം. അത് ലോകത്തെ വ്യാഖ്യാനിക്കാനും (പരിവർത്തനം ചെയ്യിക്കാനും) വേണ്ടി പുതിയ സൃഷ്ടിയെന്ന ലോകവീക്ഷണം നല്കും."

**സാഹോദര്യം ദാരിദ്ര്യത്തിനെതിരേ നടത്തുന്ന സമരത്തിനുള്ള മുൻവ്യവസ്ഥ**

ജനതകൾ തമ്മിലും സ്ത്രീപുരുഷന്മാർ തമ്മിലും സാഹോദര്യമില്ലാത്ത അവസ്ഥ ദാരിദ്ര്യത്തിന്റെ ഒരു പ്രധാന കാരണമാണെന്ന് എന്റെ മുൻഗാമി "സത്യത്തിൽ സ്നേഹം" എന്ന ചാക്രികലേഖനത്തിൽ ലോകത്തെ ഓർമ്മിപ്പിച്ചു. അനേകം സമൂഹങ്ങളിൽ ബന്ധങ്ങളുടെ അഗാധമായ ദാരിദ്ര്യം നമ്മൾ അനുഭവിക്കുന്നുണ്ട്. ദൃഢമായ കുടുംബബന്ധങ്ങളും സമൂഹബന്ധങ്ങളും ഇല്ലെന്നതാണ് അതിന്റെ കാരണം. ഇന്നു വർധിച്ചുവരുന്നതായി കാണുന്ന ക്ലേശം, പാർശ്വവത്കരണം, ഒറ്റപ്പെടൽ, വിവിധതരത്തിലുള്ള മനഃശാസ്ത്രപരമായ പരാശ്രയം എന്നിവ നമ്മിൽ ഉത്കണ്ഠ ഉളവാക്കുന്നു. കുടംബങ്ങളുടെയും സമൂഹങ്ങളുടെയും ഹൃദയങ്ങളിൽ സാഹോദര്യപരമായ ബന്ധങ്ങളുടെ വീണ്ടും കണ്ടെത്തലും വിലമതിക്കലും കൊണ്ടുമാത്രമേ ഇത്തരത്തിലുള്ള ദാരിദ്ര്യം കീഴടക്കാനാവുകയുള്ളൂ. മനുഷ്യജീവിതത്തിന്റെ ഭാഗങ്ങളായിരിക്കുന്ന സന്തോഷങ്ങളും ദുഃഖങ്ങളും ക്ലേശങ്ങളും വിജയങ്ങളും പങ്കുവയ്ക്കുന്നതിലൂടെ അതു സാധിക്കും.

കൂടാതെ, ഒരു വശത്ത് നാം തികഞ്ഞ ദാരിദ്ര്യത്തിന്റെ ലഘൂകരണം കാണുന്നുണ്ടെങ്കിൽ മറുവശത്ത് ആപേക്ഷിക ദാരിദ്ര്യത്തിന്റെ ഗൗരവതരമായ വർധനയുണ്ടെന്ന് നാം കാണുന്നു. അതായത്, ചില പ്രത്യേക പ്രദേശങ്ങളിൽ അല്ലെങ്കിൽ നിശ്ചിതമായ ചരിത്രപരവും സാംസ്കാരികവുമായ സാഹചര്യത്തിൽ ഒന്നിച്ചു ജീവിക്കുന്ന ജനങ്ങളുടെയും ഗ്രൂപ്പുകളുടെയും മധ്യത്തിൽ അസമത്വത്തിന്റെ സംഭവങ്ങൾ വർധിച്ചുവരുന്നു. ഈ അർത്ഥത്തിൽ സാഹോദര്യത്തിന്റെ തത്ത്വത്തെ വളർത്താൻ കാര്യക്ഷമമായ നയങ്ങൾ ആവശ്യമാണ്. മഹത്ത്വത്തിലും മൗലികാവകാശങ്ങളിലും തുല്യതയുള്ള ജനങ്ങൾക്ക് മൂലധനം, സേവനങ്ങൾ, വിദ്യാഭ്യാസസ്രോതസ്സുകൾ, ആരോഗ്യപാലനം, സാങ്കേതികവിദ്യ എന്നിവയിലേക്കുള്ള പ്രവേശനം ഉറപ്പുവരുത്തിക്കൊണ്ട് ആ തത്ത്വം നടപ്പിലാക്കണം. ഓരോ വ്യക്തിക്കും തന്റെ ജീവിതപദ്ധതി പ്രകാശിപ്പിക്കാനും സാക്ഷാത്കരിക്കാനും വ്യക്തിയെന്ന നിലയിൽ പൂർണമായി വികസിക്കാനും കഴിയുന്നതിനുവേണ്ടിയാണത്.

വരുമാനങ്ങൾ തമ്മിലുള്ള അമിതമായ അസന്തുലിതാവസ്ഥ ലഘൂകരിക്കാനുള്ള നയങ്ങളും ആവശ്യമാണ്. "സാമൂഹിക പണയ"

ത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനം നമുക്കു മറക്കാനാവുകയില്ല. ആ പ്രബോധനം ഇങ്ങനെ പറയുന്നു: വിശുദ്ധ തോമസ് അക്വീനാസു പറയുന്നതുപോലെ "ജനങ്ങൾക്ക് സ്വത്തുക്കളുടെമേൽ ഉടമസ്ഥത ഉണ്ടായിരിക്കുക" നിയമാനുസൃതമാണ്. യഥാർത്ഥത്തിൽ ആവശ്യ വുമാണ്. എന്നാൽ അവയുടെ ഉപയോഗത്തെ സംബന്ധിച്ചിടത്തോളം "അവർ അവ സ്വന്തമെന്ന നിലയിൽ കൈവശം വയ്ക്കുന്നില്ല. മറ്റുള്ളവരുടേതുമായിട്ടാണ് കൈവശം വയ്ക്കുന്നത്. അവർക്ക് എന്ന പോലെ തന്നെ മറ്റുള്ളവർക്കും അവ ഉപകാരപ്പെടണമെന്ന അർത്ഥത്തിലാണത്".

അവസാനമായി, സാഹോദര്യം വളർത്താനും അങ്ങനെ ദാരിദ്ര്യത്തെ കീഴടക്കാനും മറ്റൊരു വഴികൂടിയുണ്ട്. അത് മറ്റുള്ള എല്ലാറ്റിന്റെയും അടിസ്ഥാനമായിരിക്കണം. മിതവും സാരാംശപ രവുമായ ജീവിതശൈലി തിരഞ്ഞെടുക്കുന്നവരുടെ ആസക്തിയി ല്ലായ്മയാണത്. സ്വന്തം സമ്പത്ത് പങ്കുവയ്ക്കുകയും അങ്ങനെ മറ്റുള്ളവരുമായുള്ള സഹോദരപരമായ സംസർഗം അനുഭവിക്കുകയും ചെയ്യുന്നവരുടെ ആസക്തിരാഹിത്യമാണത്. ഇത് ക്രിസ്തുവിനെ അനുഗമിക്കുന്നതിന്റെയും യഥാർത്ഥ ക്രൈസ്തവനായിരിക്കുന്ന തിന്റെയും അടിസ്ഥാനപരമായ കാര്യമാണ്. ദാരിദ്ര്യവ്രതമെടുത്ത സമർപ്പിതരുടെ മാത്രം കാര്യമല്ലിത്; അയൽക്കാരുമായിട്ടുള്ള സഹോദര പരമായ ബന്ധമാണ് ഏറ്റവും വിലപ്പെട്ട നന്മയെന്നു ദൃഢമായി വിശ്വസിക്കുന്ന അനേകം കുടുംബങ്ങളുടെയും ഉത്തരവാദിത്വ ബോധമുള്ള പൗരന്മാരുടെയും കാര്യവുമാണത്.

**സാമ്പത്തികതയിൽ സാഹോദര്യം വീണ്ടും കണ്ടെത്തൽ**

6. ഇന്ന് പണപരവും സാമ്പത്തികവുമായ ഗൗരവമുള്ള വിഷമസ്ഥിതികളുണ്ട്. ദൈവത്തിൽ നിന്നും അയൽക്കാരനിൽ നിന്നും വർധമാനമായ തോതിൽ അകന്നുകൊണ്ടിരിക്കുന്നു എന്നതാണ് അതിന്റെ ഉത്ഭവകാരണം. ഒരുവശത്ത് ഭൗതിക വസ്തുക്കൾക്കുവേണ്ടി അത്യാഗ്രഹത്തോടെ പരിശ്രമിക്കുന്നു. മറുവശത്ത് വ്യക്ത്യന്തരബന്ധ ങ്ങളെയും സമൂഹപരമായ ബന്ധങ്ങളെയും ദരിദ്രമാക്കിക്കൊണ്ടി രിക്കുന്നു. ഇത് സംതൃപ്തിയും സന്തോഷവും സുരക്ഷിതത്വവും ഉപഭോഗത്തിലും സമ്പാദിക്കലിലും അന്വേഷിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. ഗുണകരമായ സാമ്പത്തികതയുടെ എല്ലാ തത്ത്വ ങ്ങളെയും അതിക്രമിച്ച് അപ്രകാരം ചെയ്യുന്നു. ജോൺ പോൾ 2-ാമൻ

മാർപാപ്പാ "യഥാർത്ഥവും വ്യക്തവുമായ ഒരപകടത്തിലേയ്ക്ക്" ശ്രദ്ധ ക്ഷണിച്ചു. "അതായത്, ലോകവസ്തുക്കളിൻമേലുള്ള മനുഷ്യന്റെ ആധിപത്യം അളവറ്റ മുന്നേറ്റം സൃഷ്ടിക്കുന്നു. അതേസമയം, അവന്റെ ആധിപത്യത്തിന്റെ സാരാംശപരമായ ചരടുകൾ അഴിയുന്നു. വിവിധ രീതികളിൽ അവന്റെ മനുഷ്യത്വത്തെ ലോകത്തിന് അടിമയാക്കുന്നു; പലതരത്തിലുള്ള ദുർവിനിയോഗങ്ങൾക്കുള്ള ഒരു വസ്തുവായി ത്തീരുന്നു. ദുരുപയോഗം മിക്കപ്പോഴും നേരിട്ടു കാണാനാവുന്നത ല്ലെങ്കിലും അങ്ങനെ സംഭവിക്കുന്നു. സമൂഹജീവിതത്തിന്റെ മുഴുവൻ സംഘാടനത്തിലൂടെയും ഉത്പാദനസമ്പ്രദായത്തിലൂടെയും സാമൂഹികസമ്പർക്കമാധ്യമങ്ങളിൽ നിന്നുള്ള സമ്മർദ്ദത്തിലൂടെയും അങ്ങനെ സംഭവിക്കുന്നു."

സാമ്പത്തികവിഷമസ്ഥിതികളുടെ തുടർച്ച കാലിക പ്രസക്തി യുള്ള ഒരു പുനർവിചാരത്തിലേയ്ക്കു നമ്മെ നയിക്കണം. സാമ്പത്തിക വികസനത്തിന്റെ മാതൃകകളെക്കുറിച്ചും ജീവിതശൈലിയുടെ മാറ്റത്തെക്കുറിച്ചുമുള്ള പുനർവിചിന്തനം തന്നെ. ഇന്നത്തെ സാമ്പ ത്തിക വിഷമസ്ഥിതി ജനങ്ങളുടെ ജീവിതത്തെ ഗൗരവമുള്ള രീതിയിൽ ബാധിക്കുന്നുണ്ട്. എന്നാലും ചില പുണ്യങ്ങളെ വീണ്ടും കണ്ടെ ത്താനുള്ള ഫലപ്രദമായ അവസരം നല്കാൻ അതു സഹായിക്കുന്നു മുണ്ട്. വിവേകം, മിതത്വം, നീതി, ശക്തി എന്നിവയാണ് ആ പുണ്യങ്ങൾ. പ്രയാസമുള്ള നിമിഷങ്ങളെ കീഴടക്കാനും നമ്മെ പരസ്പരം ബന്ധിപ്പിക്കുന്ന സാഹോദര്യം കണ്ടെത്താനും അവ സഹായിക്കും. വ്യക്തിപരമായ താത്പര്യത്തെ അങ്ങേയറ്റം വലുതാക്കുന്നതിനെക്കാൾ വലുതായ ഒന്നുണ്ടെന്നും അതു മനുഷ്യന് ആവശ്യമാണെന്നും അതു നേടാൻ അവനു കഴിയുമെന്നുമുള്ള അഗാധമായ ആത്മവിശ്വാസ ത്തോടെ അതു കണ്ടെത്താൻ സഹായിക്കും. സർവോപരി, മനുഷ്യ മഹത്ത്വത്തിനു ചേർന്നവിധത്തിൽ സമൂഹത്തെ പടുത്തുയർത്താനും സംരക്ഷിക്കാനും അത്യാവശ്യമാണ് ആ സദ്ഗുണങ്ങൾ.

**സാഹോദര്യം യുദ്ധങ്ങളെ ഇല്ലായ്മ ചെയ്യുന്നു**

7. കഴിഞ്ഞവർഷം നമ്മുടെ അനേകം സഹാദരീസഹോദരന്മാർക്ക് യുദ്ധത്തിന്റെ നാശകരമായ അനുഭവമുണ്ടായി. അതു സാഹോദര്യ ത്തിൻമേൽ ഗൗരവപൂർണവും അഗാധവുമായ മുറിവ് ഏല്പിച്ചു. പൊതുവായിരിക്കുന്ന നിസ്സംഗതയുടെ ഇടയിൽ അനേകം സംഘട്ട നങ്ങൾ നടക്കുന്നുണ്ട്. ആയുധങ്ങൾ ഭീതിയും നാശവും വിതയ്ക്കുന്ന

പ്രദേശങ്ങളിലുള്ള എല്ലാവർക്കും എന്റെയും മുഴുവൻ സഭയുടെയും അടുപ്പത്തെക്കുറിച്ച് ഞാൻ ഉറപ്പുനല്കുന്നു. വിസ്മരിക്കപ്പെട്ട യുദ്ധങ്ങളുടെ അരക്ഷിതരായ ഇരകൾക്ക് ക്രിസ്തുവിന്റെ സ്നേഹം പ്രദാനം ചെയ്യുകയെന്നതാണ് സഭയുടെ ദൗത്യം. സമാധാനത്തിനു വേണ്ടിയുള്ള പ്രാർത്ഥനകളിലൂടെയും മുറിവേറ്റവർക്കും പട്ടിണിയനുഭവിക്കുന്നവർക്കും അഭയാർത്ഥികൾക്കും സ്ഥാനചലനമുണ്ടായവർക്കും ഭീതിയിൽ കഴിയുന്ന സകലർക്കും നല്കുന്ന, സേവനത്തിലൂടെയും സഭ അങ്ങനെ ചെയ്യുന്നു. വേദനിക്കുന്നവരുടെ കരച്ചിൽ കേൾക്കാനും എല്ലാത്തരം ശത്രുതയും ദുരുപയോഗവും മൗലിക മനുഷ്യാവകാശങ്ങളുടെ ലംഘനവും അവസാനിപ്പിക്കാനും നേതാക്കളോട് സഭ ഉറക്കെപ്പറയുന്നുണ്ട്.

ഇതിനുവേണ്ടി, ആയുധബലംകൊണ്ട് അക്രമവും മരണവും വിതയ്ക്കുന്നവരോട് ഞാൻ ശക്തിയുക്തം അഭ്യർത്ഥിക്കുന്നു: കീഴ്പ്പെടുത്തേണ്ട ശത്രുവായി ഇന്നു നിങ്ങൾ കാണുന്ന വ്യക്തിയിൽ നിങ്ങളുടെ സഹോദരനെയോ സഹോദരിയെയോ കണ്ടുമുട്ടുക. പിൻവലിക്കുക! ആയുധങ്ങൾ ഉപേക്ഷിക്കുക. സംവാദത്തിൽ കണ്ടുമുട്ടാൻ പുറപ്പെടുക. നിങ്ങളുടെ ചുറ്റും നീതിയും വിശ്വാസവും പ്രത്യാശയും വീണ്ടും സൃഷ്ടിക്കാൻ തന്നെ! ഈ നിലപാടിൽ നിന്ന് നോക്കുമ്പോൾ ഒരു വസ്തുത വ്യക്തമാണ്: ലോകജനതകളെ സംബന്ധിച്ചിടത്തോളം സായുധസംഘട്ടനം എപ്പോഴും അന്താരാഷ്ട്ര സമന്വയത്തെ മനഃപൂർവം നിഷേധിക്കലാണ്. അഗാധമായ വിഭജനവും ആഴമുള്ള മുറിവുകളും സൃഷ്ടിക്കലാണ്. അവ സുഖപ്പെടാൻ അനേകം വർഷങ്ങൾ വേണ്ടിവരും. അന്താരാഷ്ട്ര സമൂഹം ലക്ഷ്യം വയ്ക്കുന്ന മഹത്തായ സാമ്പത്തിക-സാമൂഹിക ലക്ഷ്യങ്ങൾക്കായുള്ള പരിശ്രമത്തിന്റെ വസ്തുനിഷ്ഠമായ നിഷേധിക്കലാണു യുദ്ധങ്ങൾ.

എന്നിരുന്നാലും ഇന്ന് വളരെയേറെ ആയുധങ്ങളുടെ വില്പനയും വാങ്ങിക്കലും നടക്കുന്നതുകൊണ്ട് ശത്രുതകൾ ആരംഭിക്കാനുള്ള മുടക്കുന്യായങ്ങൾ എപ്പോഴും കണ്ടെത്താൻ കഴിയും. ഇക്കാരണത്താൽ എന്റെ മുൻഗാമികൾ നടത്തിയ അഭ്യർത്ഥന ഞാൻ സ്വന്തമാക്കുകയാണ്. അതായത്, ആയുധനിർമ്മാണം നിറുത്തണമെന്നും എല്ലാ കക്ഷികളും നിരായുധരാക്കണമെന്നും ന്യൂക്ലിയർ ആയുധങ്ങളും രാസായുധങ്ങളും മുതൽ എല്ലാ ആയുധങ്ങളും നിരോധിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

സായുധസംഘട്ടനത്തിന്റെ അപകടസാധ്യതയിൽ നിന്ന് മനുഷ്യവംശത്തെ രക്ഷിക്കാൻ അന്താരാഷ്ട്ര ഉടമ്പടികളോ ദേശീയനിയമങ്ങളോ-അവ അത്യാവശ്യവും അത്യന്തം അഭിലഷണീയവുമാണെങ്കിലും-മതിയാവുകയില്ലെന്ന് നിരീക്ഷിക്കുന്നതിൽ പരാജയപ്പെടാനാവുകയില്ല. ഒരു ഹൃദയപരിവർത്തനം ആവശ്യമാണ്. മറ്റുള്ളവരിൽ സംരക്ഷിക്കേണ്ട സഹോദരീസഹോദരന്മാരെ കാണാനും അവരോടൊപ്പം അധ്വാനിക്കാനും എല്ലാവർക്കും ജീവിത സാക്ഷാത്കാരം ലഭ്യമാക്കാനും അത് അനുവദിക്കും. സമാധാനം വളർത്തുന്നതിനുവേണ്ടി സിവിൾ സമൂഹത്തിൽ, മതസംഘടനകൾ ഉൾപ്പെടെ പല സംരംഭങ്ങളും തുടങ്ങാൻ പ്രചോദിപ്പിച്ചിട്ടുള്ളത് ഈ ചൈതന്യമാണ്. എല്ലാവരുടെയും അനുദിനസമർപ്പണം തുടർന്നും ഫലങ്ങൾ പുറപ്പെടുത്തിക്കൊണ്ടിരിക്കുമെന്നും ഞാൻ പ്രത്യാശിക്കുന്നു. മറ്റുള്ള ഏത് അവകാശത്തിന്റെയും അവശ്യ മുൻവ്യവസ്ഥയെന്ന നിലയിലും മാനുഷിക മൗലികാവകാശമെന്ന നിലയിലും സമാധാനത്തിനുള്ള അവകാശം അന്താരാഷ്ട്ര നിയമത്തിൽ ഉൾപ്പെടുത്തുമെന്നും ഞാൻ പ്രത്യാശിക്കുന്നു.

## അഴിമതിയും സംഘടിത കുറ്റകൃത്യങ്ങളും സാഹോദര്യത്തെ ഭീഷണിപ്പെടുത്തുന്നു

8. ഓരോ സ്ത്രീക്കും പുരുഷനും ജീവിത സാക്ഷാത്കാരം ആവശ്യമാണ്. ഈ ആവശ്യത്തോട് സാഹോദര്യത്തിന്റെ ചക്രവാളത്തിനു ബന്ധമുണ്ട്. ജനങ്ങളുടെ നിയമാനുസൃതമായ ആഗ്രഹങ്ങൾ- പ്രത്യേകിച്ച് ചെറുപ്രായക്കാരുടെ ആഗ്രഹങ്ങൾ - തടയുകയോ അവയെ ദ്രോഹിക്കുകയോ ചെയ്യരുത്. അവ യാഥാർത്ഥ്യമാക്കാമെന്ന ജനങ്ങളുടെ പ്രതീക്ഷയെ അപഹരിക്കരുത്. എന്നിരുന്നാലും ആഗ്രഹത്തെ അധികാരദുരുപയോഗവുമായി കൂട്ടിക്കുഴയ്ക്കരുത്. മറിച്ച്, ജനങ്ങൾ പരസ്പരം വിലമതിക്കുന്നതിൽ മത്സരിക്കണം (cf റോമാ 12:10). ജീവിതത്തിന്റെ ഒഴിവാക്കാനാവാത്ത ഒരു ഭാഗമായ വിസമ്മതിക്കലുകളിലും നമ്മൾ എപ്പോഴും ഓർമ്മിക്കേണ്ട കാര്യമിതാണ്: നമ്മൾ സഹോദരീസഹോദരന്മാരാണ്; അതുകൊണ്ട് നമ്മുടെ അയൽക്കാരൻ ശത്രുവോ ഒഴിവാക്കപ്പെടേണ്ട എതിരാളിയോ അല്ലെന്നു നാം തന്നെ പഠിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യണം.

സാഹോദര്യം സാമൂഹിക സമാധാനം സൃഷ്ടിക്കും. എന്തെന്നാൽ അത് സ്വാതന്ത്ര്യവും നീതിയും തമ്മിലും വ്യക്തിപരമായ ഉത്തര

വാദിത്വവും ഐക്യദാർഢ്യവും തമ്മിലും വ്യക്തിയുടെ നന്മയും പൊതുനന്മയും തമ്മിലും സന്തുലിതാവസ്ഥ സൃഷ്ടിക്കുന്നു. അതുകൊണ്ട് രാഷ്ട്രീയസമൂഹം ഇതിനെയെല്ലാം അനുകൂലിക്കാൻ സുതാര്യവും ഉത്തരവാദിത്വപൂർണവുമായ രീതിയിൽ പ്രവർത്തിക്കണം. തങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പൊതുഅധികാരികൾ തങ്ങളുടെ പ്രതിനിധികളായിരിക്കുന്നുവെന്ന് പൗരന്മാർക്കു തോന്നണം. എന്നാലും പലപ്പോഴും പക്ഷപാതപരമായ താത്പര്യം പൗരന്മാർക്കും സ്ഥാപനങ്ങൾക്കുമിടയിൽ പള്ളുവയ്ക്കുന്നു. അത് ആ ബന്ധത്തെ, സ്ഥിരസംഘർഷത്തിന്റെ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട്, വികലമാക്കും.

സ്വാതന്ത്ര്യത്തോടും സമന്വയത്തോടും കൂടി ജീവിക്കാനുള്ള ജനങ്ങളുടെ കഴിവുമായി സംഘടനമുണ്ടാക്കുന്ന വൈയക്തിക സ്വാർത്ഥതയെ സാഹോദര്യത്തിന്റെ യഥാർത്ഥ ചൈതന്യം കീഴടക്കുന്നു. അത്തരം സ്വാർത്ഥത ഇന്ന് സാമൂഹികമായി വികസിക്കുന്നുണ്ട്. ഇന്ന് ഏറെ വ്യാപകമായിരിക്കുന്ന അഴിമതിയുടെ വിവിധരൂപങ്ങളുടെ അനേകം രൂപങ്ങളിലും, കുറ്റകൃത്യങ്ങൾക്കുള്ള സംഘടനകളുടെ രൂപീകരണത്തിലും അതു വികസിക്കുന്നു. അത്തരം സംഘടനകൾ ചെറുഗ്രൂപ്പുകളായിട്ടും ആഗോളതലത്തിലും രൂപീകരിക്കപ്പെടുന്നുണ്ട്. ആ ഗ്രൂപ്പുകൾ വ്യക്തിമഹത്ത്വത്തിന്റെ കേന്ദ്രത്തെത്തന്നെ തകർത്തുകൊണ്ട് നിയമവ്യവസ്ഥയും നീതിയും തകർക്കുകയാണ്. ഈ സംഘടനകൾ ഗൗരവതരമായ വിധത്തിൽ ദൈവദ്രോഹപരമാണ്. അവ മറ്റുള്ളവരെ ദ്രോഹിക്കുന്നു, സൃഷ്ടിയെ ദ്രോഹിക്കുന്നു. അവയ്ക്ക് മതപരമായ അമിതാർത്ഥങ്ങളുണ്ടെങ്കിൽ കൂടുതലായി അങ്ങനെ ചെയ്യും.

മയക്കുമരുന്നുകളുടെ ദുരുപയോഗമാകുന്ന ഹൃദയഭേദകമായ നാടകത്തെക്കുറിച്ചും ഞാൻ ഓർമ്മിക്കുന്നു. ധാർമ്മികനിയമങ്ങളോടും സിവിൾ നിയമങ്ങളോടുമുള്ള അവജ്ഞയിൽ നിന്ന് അതു ലാഭം കൊയ്യുന്നു. പ്രകൃതിവിഭവങ്ങളുടെ നശീകരണം, വർധിച്ചുവരുന്ന മലിനീകരണം, തൊഴിൽ രംഗത്തെ ചൂഷണമെന്ന ദുരന്തം എന്നിവയെക്കുറിച്ചും ഞാൻ ചിന്തിക്കുന്നു. നിയമവിരുദ്ധമായ പണംകടത്തലിനെയും പണപരമായ ഊഹക്കച്ചവടത്തെയും ഞാൻ ഓർമ്മിക്കുന്നു. സാമ്പത്തികവും സാമൂഹികവുമായ എല്ലാ വ്യവസ്ഥിതികളെയും അവ കൊള്ളയടിക്കുകയും ദ്രോഹിക്കുകയും ചെയ്യുന്നു. ദശലക്ഷക്ക

ണക്കിനു മനുഷ്യരെ ദരിദ്രരാക്കിക്കൊണ്ട്, അപ്രകാരം ചെയ്യുന്നു. നിഷ്കളങ്കരായ ഇരകളെ, പ്രത്യേകിച്ച് യുവജനത്തെ, അവരുടെ ഭാവിയെ കൊള്ളയടിച്ചുകൊണ്ട് അനുദിനം കൊയ്തെടുക്കുന്ന വേശ്യാവൃത്തിയെപ്പറ്റി ഞാൻ ഓർക്കുന്നു. മനുഷ്യക്കടത്തിനെക്കുറിച്ചും പ്രായപൂർത്തിയാകാത്തവർക്കെതിരേയുള്ള ദുരുപയോഗങ്ങളെക്കുറിച്ചും ലോകത്തിന്റെ പലഭാഗത്തും ഇന്നും നിലനില്ക്കുന്ന അടിമത്തത്തെക്കുറിച്ചും ഞാൻ ഓർമ്മിക്കുന്നു. കുടിയേറ്റക്കാരുടെ, മിക്കപ്പോഴും അവഗണിക്കപ്പെടുന്ന ദുരന്തത്തെക്കുറിച്ചും ഞാൻ ഓർമ്മിക്കുന്നു. കുടിയേറ്റക്കാർ മിക്കപ്പോഴും അപമാനകരവും നിയമവിരുദ്ധവുമായ ദുരുപയോഗത്തിന്റെ ഇരകളായിത്തീരുകയാണ്. ജോൺ പോൾ 2-ാമൻ മാർപാപ്പാ എഴുതിയതുപോലെ "അധികാരത്തിന്റെ ബന്ധത്തെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്ന ഒരു സമൂഹത്തിൽ മാനുഷികമായ യാതൊന്നുമില്ല. ജനതകളുടെ വളർച്ചയും പൂർണതയും നേടാനാണ് അതു പ്രോത്സാഹിപ്പിക്കേണ്ടത്. അതാകട്ടെ അങ്ങനെ ചെയ്യുന്നതിനുപകരം പീഡനാത്മകമായിത്തീരുന്നു. ജനങ്ങളുടെ സ്വാതന്ത്ര്യം അതു വെട്ടിച്ചുരുക്കുന്നു". എന്നാലും മനുഷ്യന് മാനസാന്തരത്തിന്റെ അനുഭവമുണ്ടാകാൻ സാധിക്കും. ജീവിതത്തിനു മാറ്റം വരുത്താൻ കഴിയുകയില്ലെന്നോർത്ത് അവർ ഒരിക്കലും നിരാശപ്പെടേണ്ടാ. എല്ലാവർക്കും പ്രത്യാശയുടെയും ആത്മവിശ്വാസത്തിന്റെയും ഒരു സന്ദേശമായിരിക്കട്ടെ ഇതെന്ന് ഞാൻ ആശിക്കുന്നു. മൃഗീയമായ കുറ്റങ്ങൾ ചെയ്തവർക്കുപോലും ഇത് അപ്രകാരമായിരിക്കട്ടെ. എന്തെന്നാൽ ദൈവം പാപിയുടെ മരണം ആഗ്രഹിക്കുന്നില്ല. പിന്നെയോ അവൻ മാനസാന്തരപ്പെട്ടു ജീവിക്കണമെന്നാണ് ആഗ്രഹിക്കുന്നത് (cf എസ. 18:23).

മാനുഷികബന്ധങ്ങളുടെ വിശാലമായ സാഹചര്യത്തിൽ കുറ്റകൃത്യങ്ങളെയും ശിക്ഷയെയും പറ്റി ചിന്തിക്കുമ്പോൾ, അനേകം ജയിലുകളിലുള്ള മനുഷ്യത്വരഹിതമായ അവസ്ഥകളെക്കുറിച്ച് ചിന്തിക്കാതിരിക്കാൻ സാധ്യമല്ല. അവിടങ്ങളിൽ കസ്റ്റഡിയിലുള്ളവരെ മിക്കപ്പോഴും മനുഷ്യത്വരഹിതമായ അവസ്ഥയിലേക്കു താഴ്ത്തുന്നു. അവരുടെ മാനുഷിക മഹത്ത്വത്തെ ലംഘിച്ചുകൊണ്ട് അങ്ങനെ ചെയ്യുന്നു. പുനരധിവാസം സംബന്ധിച്ച പ്രത്യാശയെയും ആഗ്രഹത്തെയും ഞെട്ടിപ്പിക്കുന്നു. സഭ ഈ സാഹചര്യങ്ങളിൽ വളരെയേറെ

സഹായം ചെയ്യുന്നുണ്ട്. മിക്കപ്പോഴും നിശ്ശബ്ദസേവനമാണു ചെയ്യു ന്നത്. കൂടുതൽ സേവനം ചെയ്യാൻ ഞാൻ ഓരോ വ്യക്തിയെയും ആഹ്വാനം ചെയ്യുന്നു, പ്രോത്സാഹിപ്പിക്കുന്നു. ഈ മണ്ഡലത്തിൽ ധീരതയുള്ള സ്ത്രീപുരുഷന്മാർ ചെയ്യുന്ന പരിശ്രമങ്ങളെ സിവിൽ അധികാരികൾ സത്യസന്ധതയോടും മാന്യതയോടും കൂടി വർധമാനമായ തോതിൽ പിന്താങ്ങുമെന്ന പ്രത്യാശയോടെയാണ് ഞാൻ അങ്ങനെ ചെയ്യുന്നത്.

**പ്രകൃതിയെ സംരക്ഷിക്കാനും വളർത്താനും സാഹോദര്യം സഹായിക്കും**

9. മനുഷ്യകുടുംബം സ്രഷ്ടാവിൽ നിന്ന് പൊതുദാനമായി പ്രകൃതിയെ സ്വീകരിച്ചു. സൃഷ്ടിയെ സംബന്ധിച്ച ക്രൈസ്തവ വീക്ഷണത്തിൽ പ്രകൃതിയുടെ മേൽ നടത്തുന്ന ഇടപെടലുകളുടെ നിയമാനുസൃതത്വത്തെക്കുറിച്ച് ഭാവാത്മകമായ ഒരു വിധിത്തീർ പ്പാണുള്ളത് - ആ ഇടപെടലുകൾ ഉപകാരപ്രദമായിരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതും ഉത്തരവാദിത്വബോധത്തോടെ നടത്തുന്നതുമാ ണെങ്കിൽ അത്തരം ഇടപെടലുകൾ പ്രകൃതിയിൽ ആലേഖനം ചെയ്തിട്ടുള്ള "വ്യാകരണ"ത്തെ അംഗീകരിക്കുന്നതായിരിക്കണം. എല്ലാവരുടെയും ഉപകാരത്തിനായി ഉറവിടങ്ങൾ ജ്ഞാനപൂർവം ഉപയോഗിക്കണം. പരിസ്ഥിതി വ്യവസ്ഥയിൽ ഓരോ ജീവിക്കുമുള്ള ഉപയുക്തതയും ലക്ഷ്യവും സൗന്ദര്യവും ആദരിക്കപ്പെടണം. ഒറ്റവാക്കിൽ പറഞ്ഞാൽ പ്രകൃതി നമ്മുടെ കൈവശമാണ്. അതിൻമേൽ ഉത്തരവാദിത്വപൂർണമായ സൂക്ഷിപ്പുനടത്താൻ നാം വിളിക്കപ്പെട്ടിരി ക്കുകയും ചെയ്യുന്നു. എന്നാലും നമ്മൾ പലപ്പോഴും അത്യാഗ്രഹ ത്താലും അധീശത്വത്തിന്റെ ധിക്കാരത്താലും സമ്പാദനത്താലും ദുരുപയോഗത്താലും ചൂഷണത്താലും നയിക്കപ്പെടുന്നു; നാം പ്രകൃതിയെ സംരക്ഷിക്കാതിരിക്കുന്നു; ആദരിക്കാതിരിക്കുന്നു. നമ്മൾ സംരക്ഷിക്കുകയും വരും തലമുറകൾ ഉൾപ്പെടെയുള്ള നമ്മുടെ സഹോദരീസഹോദരന്മാർക്കുള്ള സേവനത്തിനായി മാറ്റിവയ്ക്കുകയും ചെയ്യേണ്ട അനുഗ്രഹപൂർണമായ ദാനമായി അതിനെ കരുതാ തിരിക്കുന്നു.

കാർഷികമേഖല പ്രത്യേകമാംവിധം പ്രാഥമിക ഉത്പാദക മേഖലയാണ്. കൃഷിചെയ്യാനും മനുഷ്യവംശത്തെ തീറ്റിപ്പോറ്റാൻ

വേണ്ടി പ്രകൃതിവിഭവങ്ങളെ സംരക്ഷിക്കാനുമുള്ള നിർണായകമായ വിളിയോടു കൂടിയതാണത്. ഈ വിഷയത്തിൽ ലോകത്തിലെ വിശപ്പിന്റെ തുടർന്നുകൊണ്ടിരിക്കുന്ന അപമാനത്തെ സംബന്ധിച്ച് ഒരു ചോദ്യം നിങ്ങളോടു പങ്കുവയ്ക്കാൻ ഞാൻ പ്രേരിതനാകുന്നു: നാം ഭൂമിയിലെ വിഭവങ്ങൾ എങ്ങനെയാണ് ഉപയോഗിക്കുന്നത്? ഉത്പാദനം ലക്ഷ്യം വയ്ക്കുന്ന മുൻഗണനകളുടെ ഹൈരാർക്കിയെക്കുറിച്ച് സമകാലീനസമൂഹങ്ങൾ ചിന്തിക്കണം. എല്ലാവരും വിശപ്പിൽ നിന്ന് സ്വതന്ത്രരാകത്തക്കവിധം ഭൂമിയിലെ വിഭവങ്ങൾ ഉപയോഗിക്കുക യഥാർത്ഥത്തിൽ ഒരു അടിയന്തിര കടമയാണ്. സംരംഭങ്ങളും സാധ്യമായ പരിഹാരമാർഗങ്ങളും ധാരാളമുണ്ട്. അവ ഉത്പാദനത്തിന്റെ വർധനയിൽ മാത്രം പരിമിതപ്പെടുത്തിയിട്ടുള്ളവയല്ല. ഇന്നത്തെ ഉത്പാദനം മതിയാകുന്നതാണെന്നതു സുപ്രസിദ്ധമാണ്. എന്നിട്ട് ദശലക്ഷക്കണക്കിനു മനുഷ്യർ വിശപ്പ് അനുഭവിക്കുകയും മരിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. ഇത് യഥാർത്ഥ ഉതപ്പാണ്. അതുകൊണ്ട് ഭൂമിയിലെ ഫലങ്ങൾ എല്ലാവർക്കും ഉപകാരപ്പെടാനുള്ള വഴികൾ നമ്മൾ കണ്ടെത്തണം. കൂടുതലുള്ളവരും അപ്പക്കഷണങ്ങൾ കൊണ്ടു മാത്രം തൃപ്തിപ്പെടേണ്ടവരും തമ്മിലുള്ള വിടവ് വർധിക്കാതിരിക്കാൻ വേണ്ടി മാത്രമല്ല അങ്ങനെ ചെയ്യുന്നത്. പിന്നെയോ ഇത് സർവോപരി നീതിയുടെയും സമത്വത്തിന്റെയും ഓരോ മനുഷ്യജീവിയോടുമുള്ള ആദരവിന്റെയും പ്രശ്നമായതു കൊണ്ടുകൂടിയാണ്. ഈ വിഷയത്തിൽ എല്ലാ വസ്തുക്കൾക്കും അത്യാവശ്യമായ സാർവത്രിക ലക്ഷ്യത്തെപ്പറ്റി എല്ലാവരെയും ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സഭയുടെ സമൂഹികപ്രബോധനത്തിൽ ഒരു മൗലികതത്ത്വമാണത്. ഈ തത്ത്വത്തോടുള്ള ആദരം സാരാംശപരമായിട്ടുള്ള ഒരു വ്യവസ്ഥയാണ്. ഓരോ വ്യക്തിക്കും ആവശ്യമുള്ളതും ലഭിക്കാൻ അവകാശമുള്ളതുമായ സാരാംശപരവും പ്രാഥമികവുമായ വസ്തുക്കൾ കാര്യക്ഷമമായും നീതിപൂർവകമായും ലഭിക്കാൻ എളുപ്പമാക്കുകയെന്നതാണ് ആ വ്യവസ്ഥ.

**ഉപസംഹാരം**

10. സാഹോദര്യം നാം കണ്ടെത്തുകയും സ്നേഹിക്കുകയും അനുഭവിക്കുകയും പ്രഘോഷിക്കുകയും അതിനു സാക്ഷ്യം വഹിക്കുകയും വേണം. എന്നാൽ ദൈവത്തിൽ നിന്ന് ദാനമായി

കിട്ടിയിട്ടുള്ള സ്നേഹം മാത്രമേ സാഹോദര്യം സ്വീകരിക്കാനും പൂർണമായി അനുഭവിക്കാനും നമ്മെ കഴിവുള്ളവരാക്കുകയുള്ളൂ.

രാഷ്ട്രീയത്തിനും സാമ്പത്തികതയ്ക്കും അത്യാവശ്യമായിരിക്കുന്ന യഥാർത്ഥവാദത്തെ, ആദർശങ്ങളില്ലാത്തതും മനുഷ്യന്റെ പ്രകൃത്യാതീതമാനത്തെ ആദരിക്കാത്തതുമായ കേവലം സാങ്കേതിക വൈദഗ്ധ്യമായി ചുരുക്കാൻ പാടില്ല. ദൈവത്തോടുള്ള ഈ തുറവി ഇല്ലാതിരിക്കുമ്പോൾ ഓരോ മാനുഷികപ്രവൃത്തിയും ദരിദ്രമാക്കപ്പെടും; വ്യക്തികൾ ചൂഷണം ചെയ്യപ്പെടാവുന്ന വസ്തുക്കളായി മാറും. ഓരോ സ്ത്രീയെയും പുരുഷനെയും സ്നേഹിക്കുന്ന ദൈവത്താൽ ഉറപ്പാക്കപ്പെട്ട വിസ്തൃതസ്ഥലത്ത് ചലിക്കാൻ തുറവുള്ളതായിരിക്കണം രാഷ്ട്രീയവും സാമ്പത്തികതയും. എങ്കിൽ മാത്രമേ സാഹോദര്യപരമായ സ്നേഹത്തിന്റെ യഥാർത്ഥ ചൈതന്യത്തിൽ അടിസ്ഥാനപ്പെടുത്തിയ ഒരു ക്രമം അവയ്ക്കു നേടാൻ കഴിയൂ; സമഗ്രമായ മനുഷികവികസനത്തിന്റെയും സമാധാനത്തിന്റെയും കാര്യക്ഷമതയുള്ള ഉപകരണങ്ങളാകാൻ കഴിയൂ.

സഭയിൽ നമ്മൾ എല്ലാവരും ഒറ്റ ശരീരത്തിന്റെ അവയവങ്ങളാണെന്നും പരസ്പരം ആവശ്യമുള്ളവരാണെന്നും ക്രൈസ്തവരായ നമ്മൾ വിശ്വസിക്കുന്നു. എന്തെന്നാൽ പൊതുനന്മയ്ക്കുവേണ്ടി ക്രിസ്തുവിന്റെ ദാനത്തിന്റെ അളവനുസരിച്ച് ഓരോ വ്യക്തിക്കും ഒരു കൃപ നല്കപ്പെട്ടിട്ടുണ്ട് (cf എഫേ 4:7,25, 1 കോറി 12:7). നമുക്കു ദൈവിക കൃപ നല്കാൻ വേണ്ടി, അതായത്, അവിടത്തെ ജീവിതത്തിൽ പങ്കുചേരാനുള്ള സാധ്യത നല്കാൻ വേണ്ടി, ക്രിസ്തു വന്നു. സാഹോദര്യപരമായ ബന്ധങ്ങളുടെ ഒരു ഫാബ്രിക് നെയ്തെടുക്കണം. അത് പാരസ്പര്യം, ക്ഷമിക്കൽ, സമ്പൂർണമായ ആത്മദാനം എന്നിവ യാൽ മുദ്രിതമായിരിക്കണം. എല്ലാവരെയും തന്നിലേക്ക് ആകർഷിക്കുന്ന ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിൽ മനുഷ്യവംശത്തിനു നല്കപ്പെട്ട ദൈവത്തിന്റെ സ്നേഹത്തിനുള്ള വീതിയും ആഴവുമനുസരിച്ചായിരിക്കണം അങ്ങനെ ചെയ്യുന്നത്: “ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും” (യോഹ

13:34-35). ഇതാണ് സദ്‌വാർത്ത. ഓരോരുത്തനിൽ നിന്നും ഇത് ഒരു കാര്യം ആവശ്യപ്പെടുന്നു: ഒരടി മുന്നോട്ടു നീങ്ങുക, സഹാനുഭൂതിയുടെ ശാശ്വതാഭ്യസനമായി, മറ്റുള്ളവരുടെ, എന്നിൽ നിന്ന് ഏറ്റവും അകന്നിരിക്കുന്നവരുടെയും, സഹനവും പ്രത്യാശകളും ശ്രദ്ധിക്കുന്നതിൽ ഒരടി മുന്നോട്ടുവയ്ക്കുക. നമ്മുടെ എല്ലാ സഹോദരീസഹോദരന്മാരുടെയും നന്മയ്ക്കായി തന്നെത്തന്നെ സ്വതന്ത്രമായി നല്കുന്നതും ചെലവിടുന്നതും എങ്ങനെയെന്നറിയുന്ന ആ സ്നേഹത്തിന്റെ നിർബന്ധപൂർവകമായ വഴിയിലൂടെ നടന്നുകൊണ്ട് അങ്ങനെ ചെയ്യുക.

ക്രിസ്തു മനുഷ്യവംശത്തെ മുഴുവനും ആശ്ലേഷിക്കുന്നു; ആരും നഷ്ടപ്പെടരുതെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു: "ദൈവം തന്റെ പുത്രനെ ലോകത്തിലേയ്ക്ക് അയച്ചത് ലോകത്തെ ശിക്ഷയ്ക്ക് വിധിക്കാനല്ല, പ്രത്യുത അവൻ വഴി ലോകം രക്ഷപ്രാപിക്കാനാണ്" (യോഹ 3:17). ഹൃദയത്തിന്റെയും മനസ്സിന്റെയും വാതിലുകൾ തനിക്കായി തുറന്നു തരാൻ ആരെയും പീഡിപ്പിക്കാതെയും ഞെരുക്കാതെയുമാണ് അവിടന്ന് ആവശ്യപ്പെടുന്നത്. ക്രിസ്തു പറയുന്നു: "നിങ്ങളിൽ ഏറ്റവും വലിയവൻ ഏറ്റവും ചെറിയവനെപ്പോലെയും അധികാരമുള്ളവൻ ശുശ്രൂഷകനെപ്പോലെയും ആയിരിക്കണം... ഞാൻ നിങ്ങളുടെയിടയിൽ പരിചരിക്കുന്നവനെപ്പോലെയാണ്" (ലൂക്കാ 22:26-27). അതുകൊണ്ട് ഓരോ പ്രവർത്തനവും വ്യക്തികൾക്കുള്ള പ്രത്യേകിച്ച്, ഏറ്റവും അകലെയുള്ളവരും അല്പം മാത്രം അറിയുന്നവരുമായ വ്യക്തികൾക്കുള്ള, സേവനത്തിന്റെ മനോഭാവത്താൽ വിശിഷ്ടമാക്കപ്പെട്ടിരിക്കണം. സമാധാനം പടുത്തുയർത്തുന്ന ആ സാഹോദര്യത്തിന്റെ ആത്മാവ് സേവനമാണ്.

യേശുവിന്റെ അമ്മയായ മറിയം അവളുടെ പുത്രന്റെ ഹൃദയത്തിൽ നിന്നു പൊട്ടിപ്പുറപ്പെടുന്ന സാഹോദര്യം മനസ്സിലാക്കാനും അതനുസരിച്ചു ജീവിക്കാനും നമ്മെ സഹായിക്കട്ടെ. അങ്ങനെ നമ്മുടെ പ്രിയപ്പെട്ട ഈ ഭൂമിയിൽ ഓരോ വ്യക്തിക്കും സമാധാനം ലഭിക്കുമാറാകട്ടെ.

വത്തിക്കാനിൽ നിന്ന്, 8 ഡിസംബർ 2013
**ഫ്രാൻസിസ് മാർപാപ്പാ**

# രൂപതക്കച്ചേരി

## *C. 1/2014* നോമ്പ്, ഉപവാസം, മാംസവർജനം, തിരുനാളുകൾ

സീറോ മലബാർ സഭയിൽ ആചരിച്ചുവരുന്ന നോമ്പുകൾ, ഉപവാസദിനങ്ങൾ, മാംസവർജനദിനങ്ങൾ എന്നിവ നിഷ്ഠയോടെ പാലിക്കുന്ന കാര്യം എല്ലാ വിശ്വാസികളുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ക്രിസ്തുമസിന് ഒരുക്കമായുള്ള 25 നോമ്പിലും വലിയ നോമ്പിലും വിവാഹം തുടങ്ങിയ ആഘോഷങ്ങൾക്ക് മുടക്ക് കല്പിച്ചിട്ടുള്ളത് അതിന്റെ പ്രാധാന്യം കണക്കിലെടുത്താണ്. അതു പാലിക്കാൻ ഏവരും ശ്രദ്ധിക്കേണ്ടതാണ്. ഉപവസിച്ച് നോമ്പ് നോക്കി ക്രിസ്തുമസിനും ഈസ്റ്ററിനും ഒരുങ്ങുന്ന പതിവ് പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. വിഭൂതിയും ദുഃഖവെള്ളിയാഴ്ചയും ഉപവാസദിനങ്ങളാണെന്നും പതിനാലു വയസ്സുമുതൽ അവ അനുഷ്ഠിക്കുവാൻ ഏവർക്കും കടമയുണ്ടെന്ന കാര്യം എല്ലാ വിശ്വാസികളെയും ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. അതുപോലെ എല്ലാ വെള്ളിയാഴ്ചകളും (ക്രിസ്തുമസിനും, ദനഹാ തിരുനാളിനും ഇടയിലുള്ള വെള്ളിയാഴ്ചകളും, ഉയിർപ്പിനുശേഷം വരുന്ന വെള്ളിയാഴ്ചയും ഒഴികെ) മാംസവർജനദിനങ്ങളാണ്. ശനിയാഴ്ചകളിൽ നടക്കുന്ന വിവാഹം, മറ്റ് ആഘോഷപരിപാടികൾ എന്നിവയുടെ തലേദിവസം നടത്തുന്ന ചടങ്ങുകളിൽ മാംസവർജനം നിർബന്ധമായും പാലിക്കണം. എന്നാൽ ഇടവകമദ്ധ്യസ്ഥന്റെ തിരുനാൾ വെള്ളിയാഴ്ചയായാൽ **രൂപതാദ്ധ്യക്ഷന്റെ അനുമതിയോടെ** മാംസവർജനത്തിൽ നിന്നും ഒഴിവ് നൽകാൻ അതാതു ഇടവകകളിലെ വികാരിയച്ചന്മാർക്ക് അധികാരമുണ്ട്.

തിരുനാളുകൾ ആത്മീയമായ ഉണർവിനും വളർച്ചയ്ക്കുമുള്ള അവസരങ്ങളാണ്. ഭൗതികമായ ആഘോഷങ്ങൾ പാടില്ലെന്നല്ല. പക്ഷേ, ആത്മീയ വശത്തിന്റെ പ്രാധാന്യം നഷ്ടമാക്കുന്ന രീതിയിൽ വർണ്ണാഭമായ വെടിക്കെട്ടുകളും, ബാന്റ്, ചെണ്ടമേളം തുടങ്ങിയവയും നടത്തപ്പെടുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. ചെറിയ ഇടവകകളിൽ ഒന്നിൽ കൂടുതൽ ബാന്റ്, ചെണ്ടമേള ഗ്രൂപ്പുകൾ പ്രദക്ഷിണങ്ങളിൽ ആവശ്യമില്ല. ഇടവകയുടെ വലിപ്പമനുസരിച്ച് വികാരിയച്ചന്മാർ ഇക്കാര്യത്തിൽ ക്രമീകരണം നടത്തേണ്ടതാണ്. അനാവശ്യമായ ആർഭാടങ്ങൾ ഒഴിവാക്കി ഭക്തിസാന്ദ്രമായ രീതിയിൽ തിരുനാളുകളും പ്രദ

ക്ഷിണങ്ങളും നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. വെടിക്കെട്ടുകളും കരിമരുന്നുപ്രയോഗങ്ങളും കഴിയുന്നത്ര ഒഴിവാക്കുന്നത് നന്നായിരിക്കും.

*Bishop*

*C. 2/2014* **സഭൈക്യവാരം**

2014 ജനുവരി 18 മുതൽ 25 വരെ സഭകളുടെ ഐക്യത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാനും പ്രവർത്തിക്കുവാനുമായി നീക്കിവച്ചിരിക്കുന്നു. സഭകളുടെ കൂട്ടായ്മയ്ക്കായി പ്രത്യേകം പ്രാർത്ഥനകൾ നടത്തിയും വിവിധ സഭകളുമായി സഹകരിച്ച് പരിപാടികൾ സംഘടിപ്പിച്ചും ഇടവകകളും സ്ഥാപനങ്ങളും സഭൈക്യവാരാചരണം നടത്താൻ ശ്രദ്ധിക്കുമല്ലോ.

സഭൈക്യവാരപ്രാർത്ഥന നടത്തുമ്പോൾ താഴെപ്പറയുന്ന ക്രമം പാലിക്കാവുന്നതാണ്.

1. **പ്രാരംഭഗാനം**
2. **സ്തുതിപ്പ്, പ്രാർത്ഥനകൾ** - ഇതിൽ സ്വർഗസ്ഥനായ പിതാവേ, സ്വയം പ്രേരിത പ്രാർത്ഥനകൾ തുടങ്ങിയവ ഉപയോഗിക്കാവുന്നതാണ്.
3. **ആമുഖം** - പൊതുവായ ആമുഖവും ഓരോ ദിവസത്തെയും പ്രത്യേക ചിന്ത ഉൾക്കൊള്ളുന്ന ആമുഖവും ചേർത്ത് പ്രാർത്ഥനയുടെ അന്തരീക്ഷത്തിലേയ്ക്ക് സമൂഹത്തെ നയിക്കണം.
4. **വായനകൾ** - ഓരോ ദിവസത്തെയും വായനകൾക്കിടയ്ക്ക് ആവശ്യമായ ഗാനങ്ങൾ, നിശബ്ദത, പ്രതിവചനങ്ങൾ എന്നിവ ചേർക്കാവുന്നതാണ്.
5. **വചനവ്യാഖ്യാനം** - ഓരോ ദിവസത്തെയും വചനങ്ങളുടെ വ്യാഖ്യാനത്തിന് നല്കിയിരിക്കുന്ന വിചിന്തനം പ്രയോജനപ്പെടുത്താവുന്നതാണ്.
6. **പൊതുപ്രാർത്ഥന** - സഹായകരമാകുന്ന പൊതുപ്രാർത്ഥനകളും സാഹചര്യത്തിനിണങ്ങിയ മറ്റുപ്രാർത്ഥനകളും സമൂഹത്തിന്റെ സ്വയം പ്രേരിതപ്രാർത്ഥനകളും ഉൾപ്പെടുത്താവുന്നതാണ്.
7. **സമാപനം** - കർതൃപ്രാർത്ഥനയും ആശീർവാദവും.
8. **സമാപനഗാനം**

*Bishop*

*C.3/2014* **ലോകസമാധാനദിനം**

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ചരമദിനമായ ജനുവരി 30-ാം തീയതി ലോകസമാധാനദിനമായി ആചരിക്കുന്നു. നമ്മുടെ സമൂഹത്തിലും രാജ്യത്തും ലോകമെമ്പാടും സമാധാനം നിരന്തര ഭീഷണി നേരിടുന്ന ഈ കാലഘട്ടത്തിൽ ഈശോ നൽകുന്ന സമാധാനം സമൂഹത്തിൽ, പ്രത്യേകിച്ച് കുടുംബങ്ങളിൽ, സ്ഥാപിതമാകാൻ നമുക്കു പ്രാർത്ഥിക്കാം. അന്നേ ദിവസം ഉപവാസദിനമായി ആചരിക്കുന്നത് അനുഗ്രഹപ്രദമാണ്. സമാധാനത്തെ തകർക്കുന്ന സാഹചര്യങ്ങളിൽ നിന്ന് അകന്നു നിൽക്കുവാനും അങ്ങനെ ചെയ്യാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുവാനുമുള്ള ഉത്തേജനം ഈ ദിനാചരണം നമുക്ക് നൽകട്ടെ.

*Bishop*

*C. 4/2014* **മാർ മാത്യു പോത്തനാമുഴി പിതാവിന്റെ ചരമവാർഷികം**

നമ്മുടെ രൂപതയുടെ പ്രഥമ മെത്രാനായ മാർ മാത്യു പോത്തനാമുഴി പിതാവിന്റെ 32-ാം ചരമവാർഷികം 2014 ഫെബ്രുവരി 6-ാം തീയതി വ്യാഴാഴ്ചയാണ്. പരേതനായ പിതാവിന്റെ ആത്മശാന്തിക്കായി അന്നേ ദിവസം എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും അനുസ്മരണശുശ്രൂഷകൾ നടത്തി പ്രാർത്ഥിക്കേണ്ടതാണ്.

*Bishop*

*C. 5/2014* **ജനുവരി 12 : സീറോ മലബാർ മിഷൻ ഞായർ**

സീറോ മലബാർ മെത്രാൻ സിനഡ് നമ്മുടെ രൂപതയ്ക്ക് നിശ്ചയിച്ചു തന്നിരിക്കുന്ന സത്ന രൂപതയിലെ പ്രേഷിതപ്രവർത്തനങ്ങളെ സഹായിക്കുവാൻ നമ്മുടെ പള്ളികളിൽ ജനുവരി മാസത്തിലെ ഒരു ഞായറാഴ്ച പ്രത്യേകപിരിവ് എടുത്ത് ലഭിക്കുന്ന തുക രൂപത സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കണമെന്ന് താത്പര്യപ്പെടുന്നു.

*Bishop*

*C. 6/2014* **പള്ളിയോടനുബന്ധിച്ച് പണികൾ നടത്തുന്നതിന് മുൻകൂട്ടി അനുവാദം വാങ്ങിക്കണം**

ഇടവകയുടെ മുൻകൊല്ലത്തെ വാർഷിക വരുമാനത്തിന്റെ നാലിൽ ഒന്നോ അല്ലെങ്കിൽ അമ്പതിനായിരം രൂപയോ ഇവയിൽ ഏതു തുകയാണോ കുറഞ്ഞത് ആ തുകയിലോ അല്ലെങ്കിൽ രൂപതാമെത്രാൻ അതാതു കാലങ്ങളിൽ നിശ്ചയിക്കുന്ന തുകയിലോ കൂടുതൽ സംഖ്യ ചെലവിടേണ്ടി വരുന്ന പണികൾ നടത്തുന്നതിന് പൊതുയോഗനിശ്ചയവും രൂപതാദ്ധ്യക്ഷന്റെ അംഗീകാരവും ആവശ്യമാണ്.

പതിനായിരം രൂപ മുതൽ 20000 രൂപവരെ പണം വാങ്ങുന്നതിനോ കൊടുക്കുന്നതിനോ ദാനം ചെയ്യുന്നതിനോ പ്രതിനിധി യോഗ നിശ്ചയവും രൂപതാദ്ധ്യക്ഷന്റെ അംഗീകാരവും ആവശ്യമാണ്. ഈ തുക 20000 രൂപയിൽ കൂടുതലാണെങ്കിൽ പൊതുയോഗനിശ്ചയവും രൂപ താദ്ധ്യക്ഷന്റെ അംഗീകാരവും ലഭിച്ചിരിക്കണം. (രൂപതാ നിയമസം ഗ്രഹം 289:9, 11)

അനുവാദം സംബന്ധിച്ച് രൂപതാനിയമസംഗ്രഹത്തിൽ പറഞ്ഞിട്ടുള്ള മറ്റുകാര്യങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്. (Ref. നിയമ സംഗ്രഹം No. 289)

*Bishop*

### *C. 7 /2014* **Monthly Recollection for Priests**
### ***Topic for discussion in January***

Read in common Nos. 385-395 *of the Catechism of the Catholic Church.*

*Protosyncellus*

### *PC. 1/2014* **പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്**
### **2013 ഡിസംബർ 21 ശനി**

രൂപത അജപാലന സമിതിയുടെ സമ്മേളനം 2013 ഡിസംബർ 21 ശനിയാഴ്ച അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ ബിഷപ്സ് ഹൗസിൽ കൂടി. യോഗത്തിൽ 94 അംഗങ്ങൾ പങ്കെടുത്തു. ബഹു. അബ്രാഹം ചേറാടിയിലച്ചൻ നയിച്ച പ്രാർത്ഥനയോടെ രാവിലെ കൃത്യം 10.00 മണിക്ക് യോഗം ആരംഭിച്ചു. പെ. ബഹു. മോൺ. ഫ്രാൻസിസ് ആലപ്പാട്ട് ഏവരെയും സ്വാഗതം ചെയ്തു. സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ട് യോഗം പാസാക്കി. അഭിവന്ദ്യപിതാവിന്റെ ആമുഖ പ്രഭാഷണത്തിനുശേഷം കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ കണക്കുകൾ അവതരിപ്പിച്ചു.

തുടർന്ന് മാധവ് ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെ അനന്തരഫലങ്ങളെക്കുറിച്ചും സ്വീകരിക്കേണ്ട തുടർനടപടികളെക്കുറിച്ചും ചർച്ച ചെയ്തു. യോഗത്തിൽ സന്നിഹിതനായിരുന്ന ബഹു. MLA ശ്രീ. ജോസഫ് വാഴയ്ക്കൻ നിലവിലുള്ള സ്ഥിതിഗതികളും ഗവൺമെന്റിന്റെ നിലപാടുകളും വിലയിരുത്തി സംസാരിച്ചു.

റിപ്പോർട്ടിൽ കർഷകർക്ക് ദോഷകരമായി വരുന്ന കാര്യങ്ങൾ നടപ്പി ലാക്കാതിരിക്കാൻ സമ്മർദ്ദം ചെലുത്തുമെന്നും, അതിനുവേണ്ടി ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളോടും സഹകരിക്കുമെന്നും അദ്ദേഹം ഉറപ്പുനല്കി. 20-12-2013 -ൽ കേന്ദ്രവനംപരിസ്ഥിതി മന്ത്രാലയം പുറ പ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടം കർഷകരുടെ ഇപ്പോഴത്തെ പ്രതി സന്ധിക്ക് പരിഹാരമല്ലെന്നും ആയതിനാൽ ശക്തമായ സമരപരിപാ ടികളുമായി മുന്നോട്ടു പോകണമെന്നും യോഗം അഭിപ്രായപ്പെട്ടു. ജനു വരി മാസത്തിൽ കോതമംഗലം, മൂവാറ്റുപുഴ, തൊടുപുഴ, കാളിയാർ, ഊന്നുകൽ, ഉടുമ്പന്നൂർ എന്നീ പ്രദേശങ്ങളെ കേന്ദ്രീകരിച്ച് ബോധവ ല്ക്കരണ പരിപാടികൾ നടത്താമെന്ന നിർദ്ദേശം ഏവർക്കും സ്വീകാ ര്യമായി.

റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി ഗൗരവമായി ചർച്ച ചെയ്ത കൗൺസിൽ റബ്ബർ ഇറക്കുമതി തീരുവ 20% ആക്കുവാൻ 2013 ഫെബ്രുവരി 26-ന് കേന്ദ്രവാണിജ്യ മന്ത്രാലയം എടുത്ത തീരുമാനം ഉടൻ നടപ്പിലാക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തേണ്ടതു ണ്ടെന്നും അതിന് കേരള സർക്കാരിനെ പ്രേരിപ്പിക്കണമെന്നും അഭി പ്രായപ്പെട്ടു.

വിശ്വാസവർഷത്തിന്റെ ചൈതന്യം തുടർന്നു കൊണ്ടുപോകു വാൻ എന്തുചെയ്യണം എന്നത് സംബന്ധിച്ച് ചർച്ചകൾ നടന്നു. തിരു നാളുകളിലും മറ്റ് ആഘോഷങ്ങളിലും പാലിക്കേണ്ട മിതത്വവും ലാളി ത്യവും സംബന്ധിച്ചും യോഗം ചർച്ച ചെയ്തു. ഇത് സംബന്ധിച്ച് രൂപതയിൽനിന്നും പൊതുവായ നിർദ്ദേശം നല്കുവാൻ ധാരണയായി.

നോമ്പ്, ഉപവാസം, മാംസവർജ്ജനം തുടങ്ങിയവ സംബന്ധിച്ച് നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിക്കണമെന്ന കാര്യം അഭി വന്ദ്യപിതാവ് ഏവരെയും ഓർമ്മിപ്പിച്ചു.

വിഭൂതിയും ദുഃഖവെള്ളിയാഴ്ചയും ഉപവാസദിനങ്ങളായും എല്ലാ വെള്ളിയാഴ്ചകളും (ക്രിസ്തുമസ്സിനും ദനഹാതിരുനാളിനും ഇടയി ലുള്ള വെള്ളിയാഴ്ചകളും ഉയിർപ്പിന് ശേഷം വരുന്ന വെള്ളിയാഴ്ചയും ഒഴികെ) മാംസവർജ്ജനദിനങ്ങളായും അനുഷ്ഠിക്കേണ്ടതാണ്. ശനി യാഴ്ചകളിൽ നടക്കുന്ന വിവാഹം, മറ്റ് ആഘോഷപരിപാടികൾ എന്നി വയുടെ തലേദിവസം നടത്തുന്ന ചടങ്ങുകളിലും മാംസവർജ്ജനം പാലിക്കണം. എന്നാൽ ഇടവകമദ്ധ്യസ്ഥന്റെ തിരുനാൾ വെള്ളിയാഴ്ച

യായാൽ **രൂപതാദ്ധ്യക്ഷന്റെ അനുമതിയോടെ** മാംസവർജന ത്തിൽനിന്നും ഒഴിവുനല്കാൻ വികാരിയച്ചന് അധികാരമുണ്ട്.

തുടർന്ന് എപ്പാർക്കിയൽ അസംബ്ലിയെക്കുറിച്ചും അതിന് സ്വീക രിക്കേണ്ട വിഷയം, സമയം എന്നിവയെക്കുറിച്ചും ചർച്ചചെയ്തു. 2015 മെയ് മാസത്തിൽ എപ്പാർക്കിയൽ അസംബ്ലി നടത്താമെന്നും ഏതെ ങ്കിലും ഒരു വിഷയം തിരഞ്ഞെടുക്കാതെ രൂപതയുടെ ഭാവി മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു കർമ്മപദ്ധതി ആവിഷ്ക്കരിക്കാനായി എപ്പാർക്കി യൽ അസംബ്ലിയെ പ്രയോജനപ്പെടുത്താമെന്നുമുള്ള നിർദ്ദേശങ്ങൾ ഏവർക്കും സ്വീകാര്യമായി. അസംബ്ലിയെ സംബന്ധിച്ച പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും, പ്രാരംഭനടപടികൾക്കുമായി റവ. ഫാ. പോൾ പാറത്താഴം, ഫാ. ജോർജ് തെക്കേക്കര, അഡ്വ. റൈജു വർഗീസ്, അഡ്വ. തോമസ് മാത്യു എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി.

മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിന്റെ മെത്രാഭിഷേക രജത ജൂബിലി സ്കോളർഷിപ്പിനായി തിരഞ്ഞെടുക്കപ്പെട്ട 22 കുട്ടികൾക്ക് 40000 രൂപ വീതം വിതരണം ചെയ്തു. പ്രൊഫഷണൽ വിദ്യാഭ്യാസം നടത്തുന്ന മിടുക്കരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരു മായ കുട്ടികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സ്കോളർഷിപ്പ് നല്കുന്നത്. കുമാരി ജിനുമോൾ ജോസ് എല്ലാവർക്കും വേണ്ടി കൃതജ്ഞത പറഞ്ഞു.

യോഗത്തിന്റെ സമാപനത്തിൽ അഡ്വ. റൈജു വർഗീസ് ഏവർക്കും ക്രിസ്തുമസ് ആശംസകൾ നേർന്നു. അഭിവന്ദ്യ പിതാവ് കേക്കുമുറിച്ച് എല്ലാവർക്കും വിതരണം ചെയ്തു. ഉച്ചയ്ക്ക് 1.15 p.m.-ന് യോഗം സമാപിച്ചു

### *Js.1/2014* **ജൂബിലി സ്മാരക സ്കോളർഷിപ്പ്**

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പ് 2013 ഡിസംബർ 21-ാം തീയതി ബിഷ പ്സ്ഹൗസിൽ നടന്ന പാസ്റ്ററൽ കൗൺസിലിൽ വച്ച് താഴെ പേരുപ റയുന്ന 22 കുട്ടികൾക്ക് 40,000 രൂപ വീതം വിതരണം ചെയ്തു.

1 Geordy George Kulangattil, Punnamattam
2 Amala Mathew Urumbil, Muvattupuzha
3 Jijily Jacob Elayachanickal, Neyyassery
4 Ansu Mathew Kunnumpurath, Neyyassery

5 Jomini Joshy Angadithunduparambil, Perumballoor
6 Elizabeth Raju Kallanthanath, Karimannoor
7 Julie Jose Kochumuttam, Paingottoor
8 Jasmin Jose Chundenmanal, Punnamattam
9 Tom Damian, Onattu, Kalayanthani
10 Renetta Thomas, Kottapurath, Kaliyar
11 Anila Tomy, Thekkilakkattil, Kallanickal
12 Alen Motty, Thekkekara, Kothamangalam
13 Neena Baby, Sasthamkunnel, Udumbannoor
14 Agin Maria James, Periyakottil, Kalloorkad
15 Jibin Shaji, Perumpallikkunnel, Kalloorkad
16 Jinumol Jose, Perumbananinirappel, Kothamangalam
17 Christy John, Pezhanal, Perumballoor
18 Tonia Thomas, Thekkekunnel, Paingottoor
19 Albiya Serby, Kanjirathinkal, Kaliyar
20 Sibin George, Madappillikunnel, Kalloorkad
21 Jeswin Jose, Vettiyankal, Perumannoor
22 Divya Jose Plavilaputhenpurayil, Vazhappilly East

മുൻ വർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിച്ച കുട്ടികളെ തങ്ങളുടെ കഴിവനുസരിച്ച് സ്കോളർഷിപ്പ് ഫണ്ടിലേക്ക് സംഭാവന ചെയ്യാൻ ബ. വികാരിയച്ചന്മാർ പ്രേരിപ്പിക്കുമല്ലോ.

*Secretary*

## മൈനർ സെമിനാരി

*MS 1 /2014* **ദൈവവിളി ക്യാമ്പ്**

2013 ഡിസംബർ 21 മുതൽ 23 വരെ മൈനർ സെമിനാരിയിൽ വച്ച് ദൈവവിളിക്യാമ്പ് നടത്തി. മോൺ. ജോർജ് ഓലിയപ്പുറം ക്യാമ്പ്

ഉദ്ഘാടനം ചെയ്തു. ഫാ. പോൾ നെടുമ്പുറം, ഫാ. ആന്റണി പുത്തൻകുളം, ഫാ. തോമസ് പെരിയപ്പുറം, ഫാ. ജോസഫ് ഞാളൂർ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. ക്യാമ്പിന് കുട്ടികളെ പ്രോത്സാഹിപ്പിച്ചു പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാർക്ക് പ്രത്യേകം നന്ദി.

*MS 2 /2014* **പ്രാർത്ഥനാശംസകൾ**

കോതമംഗലം രൂപതയ്ക്കുവേണ്ടി വൈദികപരിശീലനം പൂർത്തിയാക്കി തിരുപ്പട്ടം സ്വീകരിച്ച് വൈദികശുശ്രൂഷ ആരംഭിക്കുന്ന ഫാ. മാത്യു കൊച്ചുപുരയ്ക്കൽ, ഫാ. ജോർജ് വണ്ടനാക്കര, ഫാ. പോൾ ഇഞ്ചപ്ലാക്കൽ, ഫാ. തോമസ് കണ്ണംകുളം, ഫാ. ജെയിംസ് ചൂരത്തൊട്ടിയിൽ, ഫാ. തോമസ് കല്ലറയ്ക്കൽ, ഫാ. ജോസഫ് മുണ്ടയ്ക്കൽ, ഫാ. ജോസഫ് കൊച്ചുപറമ്പിൽ, ഫാ. ജെയിംസ് മുണ്ടോളിക്കൽ എന്നിവർക്ക് മാതൃഭവനത്തിന്റെ പ്രാർത്ഥനാശംസകൾ.

*MS 3 /2014* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | ജോർജ് പാറങ്കിമാലിൽ, നെല്ലിമറ്റം | ₹ | 2500 |
| 2 | തോമസ് പാറയ്ക്കൽ, കരിമണ്ണൂർ | ₹ | 6000 |
| 3 | മാത്തച്ചൻ തലയ്ക്കൽ, വണ്ണപ്പുറം | ₹ | 50000 |
| 4 | റവ. ഫാ. ജോൺ കല്ലറയ്ക്കൽ | ₹ | 100000 |
| 5 | ഇ.പി. മത്തച്ചൻ ഇഞ്ചയ്ക്കൽ, നെല്ലിമറ്റം | ₹ | 12500 |
| 6 | സെബാസ്റ്റ്യൻ ഔസേപ്പറമ്പിൽ, തൊടുപുഴ ഈസ്റ്റ് | ₹ | 8000 |
| 7 | Prof. T.S. Chacko | ₹ | 100000 |

*Rector*

## വിജ്ഞാനഭവൻ

*V. 1/2014* **സമ്മാനദാനം ജനുവരി 4 ശനി**

2013-2014 അദ്ധ്യയനവർഷത്തെ ലോഗോസ് ക്വിസ്, ലേഖനം, കവിത മത്സരവിജയികൾ എന്നിവർക്കും 25, 50 വർഷം പൂർത്തിയാ

ക്കിയ വിശ്വാസപരിശീലകർക്കും രൂപതാതല സ്കോളർഷിപ്പ് വിജയികൾക്കുമുള്ള സമ്മാനങ്ങൾ ജനുവരി 4-ാം തീയതി ശനിയാഴ്ച രാവിലെ 10.00 മണിക്ക് രൂപതാ കേന്ദ്രത്തിൽ വച്ച് അഭിവന്ദ്യ പിതാവ് നൽകുന്നതാണ്. (Ref. V. 99/2013)

*V. 2/2014* **പ്രൈവറ്റ് രജിസ്ട്രേഷൻ**

HCC I, HCC II എന്നീ ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയ കുട്ടികൾക്കുള്ള കോൺടാക്റ്റ് ക്ലാസ്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ബഹു. ഹെഡ്മാസ്റ്റർ/ അദ്ധ്യാപകർ ഇക്കാര്യങ്ങൾ കുട്ടികളെ അറിയിക്കുമല്ലോ.

**കോൺടാക്റ്റ് ക്ലാസ്സ് 2-ാം സെമസ്റ്റർ**

ഫെബ്രുവരി 8 ശനി : Contact Class II - Std. XI
സ്ഥലം : നിർമ്മല കോളേജ് ഓഡിറ്റോറിയം, മൂവാറ്റുപുഴ
സമയം : 9.30 a.m. – 4.30 p.m.

ഫെബ്രുവരി 9 ഞായർ : Contact Class II - Std. XII
സ്ഥലം : നിർമ്മല കോളേജ് ഓഡിറ്റോറിയം, മൂവാറ്റുപുഴ
സമയം : 9.30 a.m. – 4.30 p.m.

- ക്ലാസ്സിൽ പങ്കെടുക്കുവാൻ വരുന്നവർ ഉച്ചഭക്ഷണം കരുതണം.
- ഈ ക്ലാസ്സിൽ പങ്കെടുക്കാത്തവർക്കായി മറ്റൊരു ക്ലാസ്സ് ഉണ്ടായിരിക്കുന്നതല്ല.
- കോൺടാക്റ്റ് ക്ലാസ്സിൽ പങ്കെടുക്കാത്തവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതല്ല.
- XI, XII ക്ലാസ്സുകളിലെ നവോദയ സ്കൂളിലെ കുട്ടികൾ അവധിക്കാലത്ത് നിർബന്ധമായും ഒരു ധ്യാനത്തിൽ സംബന്ധിക്കണം.
- ഇന്റേണൽ അസ്സെസ്മെന്റ് മാർക്കിനു പകരമായി ഇത് പരിഗണിക്കുന്നതാണ്. XII - ാം ക്ലാസ്സിലെ കുട്ടികൾ മൂവാറ്റുപുഴ നെസ്റ്റിൽ (NESTT) വച്ച് നടക്കുന്ന ജീവിതദർശൻ ധ്യാനത്തിൽ സംബന്ധിക്കുന്നതാണ് ഉചിതം. ഇതു സംബന്ധിച്ച രേഖ ഹാജരാക്കിയാലേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

*V. 3/2014* **അനുമോദനങ്ങൾ**

2013 നവംബർ 30, ഡിസംബർ 1 തീയതികളിലായി P.O.C. -യിൽ വച്ച് നടന്ന ലോഗോസ് ക്വിസ് സംസ്ഥാനതല പരീക്ഷയിൽ നമ്മുടെ രൂപതയിൽ നിന്നും താഴെ പറയുന്നവർ സമ്മാനാർഹരായി. വിജയി

കൾക്കും പങ്കെടുത്തവർക്കും അഭിനന്ദനങ്ങൾ.

| | | |
|---|---|---|
| **D വിഭാഗം –** | **റോസ് മേരി ജിജി പഴയംകോട്ടിൽ (കുണിഞ്ഞി)** | **– First** |
| **F വിഭാഗം –** | **ഏലിക്കുട്ടി തോമസ് മണിയമ്പ്രയിൽ (പന്നിമറ്റം)** | **– Second** |
| **B വിഭാഗം –** | **അമല സേവി മങ്ങാട്ടുകട്ടയിൽ (കത്തീഡ്രൽ)** | **– Fourth** |
| **B വിഭാഗം –** | **ഡിന്റ ബേബി കാവാട്ട് (കോലടി)** | **– Fourth** |

*V. 4/2014* **സ്കോളർഷിപ്പ് പരീക്ഷ**

4, 7, 10 ക്ലാസ്സുകളിലെ കുട്ടികൾക്കായി ഒരുക്കുന്ന സ്കോളർഷിപ്പ് പരീക്ഷയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**Std. IV**

| | | |
|---|---|---|
| Std IV | - | 70% |
| I, II, III | - | 20 % |
| പൊതുവിജ്ഞാനം | - | 10 % |

**Std. VII**

| | | |
|---|---|---|
| Std VII | - | 70% |
| V, VI | - | 20 % |
| പൊതുവിജ്ഞാനം | - | 10 % |

**Std. X**

| | | |
|---|---|---|
| Std X | - | 70% |
| VIII, IX | - | 20 % |
| പൊതുവിജ്ഞാനം | - | 10 % |

*V. 5/2014* **പവർ പോയിന്റ് പ്രസന്റേഷൻ സി.ഡി.**

1 മുതൽ 12 വരെയുള്ള വിശ്വാസപരിശീലന ക്ലാസ്സുകളിലെ പവർ പോയിന്റ് പ്രസന്റേഷനുള്ള സി. ഡി. വിജ്ഞാനഭവൻ ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്. വില 40 രൂപ.

*V. 6/2014* **ലോഗോസ് സമ്മാനങ്ങൾ**

ലോഗോസിന്റെ സമ്മാനങ്ങൾ ഇതുവരെയും കൈപറ്റാത്തവർ എത്രയും വേഗം അവ ഓഫീസിൽ നിന്നും കൈപ്പറ്റേണ്ടതാണ്. സമ്മാനങ്ങൾ വാങ്ങുവാൻ വരുന്നതിന് മുമ്പ് രൂപത ഓഫീസിൽ വിളിച്ച് അന്വേഷിച്ചതിനുശേഷം വരേണ്ടതാണ്.

*V. 7/2014* **വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം**

**രൂപതാതലം : 2014 ജനുവരി 11 ശനി**

**സമയം : 10.30 a.m - 12.00 noon.**

**സ്ഥലം : വിജ്ഞാനഭവൻ കേന്ദ്രം**

ഓരോ ഇടവകയിൽ നിന്നും ഒരാളെ രൂപതാതല മത്സരത്തിലേയ്ക്ക് പറഞ്ഞയയ്ക്കാവുന്നതാണ്.

*V. 8/2014* **വിജ്ഞാനഭവൻ ബുക്ക് സ്റ്റാൾ**

കുർബാനപ്പുസ്തകം, പോക്കറ്റ് ബൈബിൾ, ആദ്യകുർബാന പ്പുസ്തകം, കൊന്ത, വെന്തിങ്ങ, സി.ഡി., ഗ്ലോബ്, കാസ, ഗിഫ്റ്റ് ഐറ്റംസ്, പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാണ്.

*Director*

---

## Corporate Educational Agency

*Edn. 1 /2014* **സ്കൂൾ റിപ്പോർട്ടു സമർപ്പണം**

2013-2014 വർഷത്തെ പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കുവാൻ നൽകിയിട്ടുള്ള ഫോറം യഥാവിധി പൂരിപ്പിച്ച് 2014 ജനുവരി 31-ാം തീയതിക്കകം ഓഫീസിൽ കിട്ടത്തക്കവണ്ണം എത്തിച്ചുതരണമെന്ന് താല്പര്യപ്പെടുന്നു. താമസിച്ചു കിട്ടുന്ന റിപ്പോർട്ട് പരിഗണിക്കുന്നതല്ല.

*Edn. 2/2014* **Award - Best Teachers and Best Non -Teaching Staff**

2013-2014 വർഷത്തെ അദ്ധ്യാപക അനദ്ധ്യാപക അവാർഡിന് പരിഗണിക്കപ്പെടേണ്ട അദ്ധ്യാപകരെയും അനദ്ധ്യാപകരെയും പറ്റിയുള്ള റിപ്പോർട്ട് ജനുവരി 31-ാം തീയതിക്കകം ഈ ഓഫീസിലേക്ക് തരേണ്ടതാണ്. ബ. മാനേജരച്ചന്മാരും പ്രിൻസിപ്പൽ/ ഹെഡ്മാസ്റ്റർമാരും പ്രത്യേകം ഒപ്പുവച്ചിട്ടുള്ള റിപ്പോർട്ട് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

*Edn. 3/2014* **Fitness Application**

2014 -2015 സ്കൂൾ വർഷത്തേക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള അപേക്ഷകൾ തരാത്തവർ എത്രയും വേഗം പൂരിപ്പിച്ച്

ജനുവരി 15-ാം തീയതിക്കുമുമ്പ് ഈ ഓഫീസിൽ എത്തിക്കണമെന്ന് അറിയിക്കുന്നു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

*Edn. 4/2014* **Catechism/Moral Science Competitive Examination 2013-2014**

ഈ വർഷത്തെ Catechism/Moral Science മത്സരപരീക്ഷ 2014 ഫെബ്രുവരി 8-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെ അതാതു കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. (2013 ഡിസംബർ മാസത്തിലെ ദൈവരാജ്യം കാണുക).

*Edn. 5 /2014*

2012-2013 Maintenance grant-ന്റെ കണക്കും വൗച്ചേഴ്സും അതാത് AEO/DEO ഓഫീസുകളിൽ ഏല്പിക്കുവാൻ എല്ലാ ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കേണ്ടതാണ്.

*Edn. 6 /2014* **ചികിത്സാസഹായം**

ക്രിസ്മസിനോടനുബന്ധിച്ച് 14-12-2013 വരെ നമ്മുടെ സ്കൂളുകളിൽ നിന്നും ചികിത്സാ സഹായമായി ലഭിച്ച തുകയുടെ വരവും ചെലവും താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| | ₹ 374200 | |
| 1) ശ്രീമതി സരിത അഗസ്റ്റിൻ, ടീച്ചർ<br>സെന്റ് തോമസ് യു.പി.എസ്. നാടുകാണി<br>(കിഡ്നി ചികിത്സാ സഹായം) | | ₹ 264100 |
| 2) ശ്രീമതി സൂസി മാത്യു, പ്യൂൺ<br>എൽ. എഫ്. യു.പി.എസ്. വാഴക്കാല<br>(ഭർത്താവ് മാത്യുവിന് കാൻസർ ചികിത്സാ സഹായം) | | ₹ 60100 |
| 3) ശ്രീ. ബിജു ജോസഫ്, ലാബ് അസിസ്റ്റന്റ്<br>സെന്റ് മേരീസ് എച്ച്.എസ്.എസ്., കാളിയാർ<br>(അപകടത്തെ തുടർന്നുള്ള ഓപ്പറേഷൻ ചികിത്സാസഹായം) | | ₹ 50000 |
| ആകെ | | ₹ 374200 |

*Secretary*

## ചെറുപുഷ്പമിഷൻലീഗ്

*CML 1 /2014* **സംസ്ഥാനതലത്തിൽ കോതമംഗലം രൂപതയ്ക്ക് രണ്ടാംസ്ഥാനം**

ചെറുപുഷ്പ മിഷൻലീഗ് ഏറ്റവും മികച്ച പ്രവർത്തനങ്ങൾക്ക് സംസ്ഥാനതലത്തിൽ രണ്ടാംസ്ഥാനം കരസ്ഥമാക്കി. കഴിഞ്ഞ പ്രവർത്തനവർഷത്തിൽ ഊർജ്ജ്വസ്വലമായ നേതൃത്വം നല്കിയ രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളെയും മേഖല - ശാഖ ഡയറക്ടറച്ചന്മാരെയും ഭാരവാഹികളെയും കുഞ്ഞുമിഷനറിമാരെയും പ്രത്യേകം അനുമോദിക്കുന്നു.

ചെറുപുഷ്പമിഷൻലീഗിന്റെ ഏറ്റവും മികച്ച പ്രവർത്തനങ്ങൾക്ക് സംസ്ഥാനതലത്തിൽ നമ്മുടെ രൂപതയിലെ കോതമംഗലം മേഖല മൂന്നാംസ്ഥാനവും കോതമംഗലം ശാഖ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. കോതമംഗലം മേഖല-ശാഖാ ഡയറക്ടർ പെ. ബഹു. തോമസ് പെരിയപ്പുറം അച്ചനെയും അസി. ഡയറക്ടറച്ചനെയും ജോയിന്റ് ഡയറക്ടേഴ്സിനെയും ഭാരവാഹികളെയും എല്ലാ കുഞ്ഞുമിഷനറിമാരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

*CML 2 /2014* **സെയിന്റ്സ് ഡയറി**

ഓരോ ശാഖയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഏറ്റവും മികച്ച രണ്ട് സെയിന്റ്സ് ഡയറികൾ രൂപതാതലത്തിൽ വിലയിരുത്തലിനായി എത്രയും വേഗം രൂപതാ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*CML 3 /2014* **ജയിലിൽ ക്രിസ്തുമസ് ആഘോഷം**

ഡിസംബർ 21-ാം തീയതി ശനിയാഴ്ച മൂവാറ്റുപുഴ സബ്ജയിലിൽ ക്രിസ്തുമസ് ആഘോഷം നടത്തി. കോതമംഗലം കത്തീഡ്രൽ ശാഖയുടെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ് കലാപരിപാടികൾ നടത്തപ്പെട്ടു.

*CML 4 /2014* **ചെറുസൂനം ക്വിസ്**

ഈ വർഷത്തെ ചെറുസൂനം ക്വിസ് 2014 ഫെബ്രുവരി 9 ഞായറാഴ്ച വേദപാഠത്തിനുശേഷം എല്ലാ ശാഖകളിലും നടത്തുന്നു. ചോദ്യപേപ്പറുകൾ എത്തിക്കുന്നതാണ്. ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന ശാഖയ്ക്ക് പ്രത്യേകം ട്രോഫി നൽകുന്നതാണ്.

*CML 4 /2014* **ലക്ഷം ജപമാല സമാപനം**

കോതമംഗലം രൂപത ചെറുപുഷ്പ മിഷൻലീഗ് സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തിയ 'ലക്ഷം ജപമാല' എന്ന ആത്മീയ പരിപാടിയുടെ രൂപതാതല സമാപനം ഡിസംബർ 8-ാം തിയതി കോതമംഗലം സെന്റ് ജോർജ് കത്തീഡ്രലിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ആമുഖ സന്ദേശം നൽകി. കത്തീഡ്രൽ വികാരി റവ. ഡോ. തോമസ് പെരിയപ്പുറം ആശംസകളർപ്പിച്ചു. അതേ തുടർന്ന് നടന്ന ദിവ്യകാരുണ്യ ആരാധന, ജപമാല, ജപമാല പ്രദക്ഷിണം ഇവയ്ക്ക് റവ. ഫാ. അജിപോൾ കപ്യാരുമലയിൽ, ശ്രീ. ബേബി ജോൺ കലയന്താനി എന്നിവർ നേതൃത്വം നല്കി. വിവിധ ശാഖകളിൽ നിന്നായി 1000-ത്തോളം കുട്ടികൾ പങ്കെടുത്തു. ശാഖാ-മേഖലാതലത്തിൽ ലക്ഷം ജപമാലയ്ക്ക് നേതൃത്വംകൊടുത്ത ശാഖാ-മേഖലാ ഡയറക്ടേഴ്സിനെയും ജോയിന്റ് ഡയറക്ടർ സിസ്റ്റേഴ്സിനെയും ഭാരവാഹികളെയും നന്ദിയോടെ ഓർക്കുന്നു.

*Director*

## കെ.സി.എസ്.എൽ.

*KCSL 1/2014* **സംസ്ഥാന കലോത്സവം**

ഈ വർഷത്തെ കെ. സി. എസ്. എൽ. സംസ്ഥാനകലോത്സവം ജനുവരി 11-ാം തീയതി ഇരട്ടയാർ സെന്റ് തോമസ് ഹയർസെക്കന്ററി സ്കൂളിൽ വച്ച് നടത്തപ്പെടും.

*KCSL 2/2014* **ശാഖാറിപ്പോർട്ട്**

ഈ പ്രവർത്തനവർഷത്തെ ശാഖാ റിപ്പോർട്ടുകൾ നല്കാത്തവർ എത്രയും വേഗം രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. യു. പി., എച്ച്. എസ്., എച്ച്. എസ്.എസ്. ഓരോ വിഭാഗം തിരിച്ചാണ്

റിപ്പോർട്ട് സമർപ്പിക്കേണ്ടത് ഇതിന്റെ അടിസ്ഥാനത്തിലാണ് ബെസ്റ്റ് യൂണിറ്റിനെ തിരഞ്ഞെടുക്കുന്നത്.

*Director*

## സോഷ്യൽ സർവീസ്

*SS. 1 /2014* **കർഷസംഗമം നടത്തി**

ദീപിക, ഇൻഫാം, കെ.എസ്.എസ്.എസ്. എന്നിവയുടെ ആഭിമുഖ്യത്തിൽ കോതമംഗലം കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ വച്ച് കർഷകസംഗമം നടത്തി. സംഘാംഗങ്ങൾ പങ്കെടുത്തു.

*SS. 2 /2014* **കസ്തൂരി രംഗൻ**

കസ്തൂരി രംഗൻ റിപ്പോർട്ടിനെതിരെ കുട്ടമ്പുഴയിൽ വച്ച് പ്രതിഷേധറാലിയും പൊതുസമ്മേളനവും സംഘടിപ്പിച്ച് ജനങ്ങൾക്ക് റിപ്പോർട്ടിനെക്കുറിച്ചുള്ള വിശദാംശങ്ങളടങ്ങിയ ലഘുരേഖകൾ വിതരണം ചെയ്തു.

*SS. 3 /2014* **വായ്പാവിതരണം**

കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷനിൽ നിന്നും ലഭിച്ച 25 ലക്ഷം രൂപയുടെ വായ്പ സംഘാംഗങ്ങൾക്ക് വിതരണം ചെയ്തു.

*SS. 4 /2014* **മുട്ടക്കോഴി വിതരണം**

മുട്ടക്കോഴി വിതരണം രണ്ടാംഘട്ടം പൂർത്തിയാക്കി. മൂന്നാംഘട്ടം ഫെബ്രുവരി 28-ന് വിതരണം നടത്തുന്നതാണ്.

*SS. 5 /2014* **ലേബർ മൂവ്മെന്റ് ഭാരവാഹികൾ**

കേരള ലേബർ മൂവ്മെന്റിന്റെ ഭാരവാഹികളെ അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ തിരഞ്ഞെടുത്തു.

പ്രസിഡന്റ് - ബാബു മാലിക്കുടി

| | | |
|---|---|---|
| സെക്രട്ടറി | - | ചിന്നമ്മ ജോസ്, തോട്ടക്കര |
| ജനറൽ സെക്രട്ടറി | - | ജിജോ മാത്യു അറയ്ക്കൽ |
| ട്രഷറർ | - | ജോസ് എടപ്പാട്ട് |
| കമ്മിറ്റി അംഗങ്ങൾ | - | ജെസി ജോയി, ജിൻസി സിജു, ഡോൺബോസ്കോ പി. യു. |

*Director*

---

# ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 1 /2014*

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപത കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ക്രിസ്മസ് ആഘോഷിച്ചു. രൂപതാഡയറക്ടർ റവ. ഫാ. ജോസഫ് എഴുമായിൽ കേക്ക് മുറിച്ച് ക്രിസ്തുമസ് സന്ദേശം നൽകി. രൂപതാ കോ- ഓർഡിനേറ്റർ കുര്യാച്ചൻ കണ്ടത്തിൽ, പ്രസിഡന്റ് അഡ്വ. തോമസ് മാത്യു, സി. റെജിമരിയ എന്നിവർ സംസാരിച്ചു. ഗോവയിൽ വച്ചു നടന്ന കുടുംബകൂട്ടായ്മയുടെ വിശ്വാസവർഷ സമാപന ദേശീയ സമ്മേളനത്തിലെ അനുഭവങ്ങൾ സി. ലിസ്സി വടക്കേൽ പങ്കുവച്ചു. രൂപതാ ജോ. സെക്രട്ടറി ജോർജ് വടക്കുംപറമ്പിൽ പ്രാർത്ഥനാശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

*FA 2 /2014* **ആനിമേറ്റേഴ്സ് മീറ്റ്**

ഫാമിലി അപ്പോസ്റ്റലേറ്റ് ആനിമേറ്റേഴ്സ് മീറ്റ് ജനുവരി 10-ാം തീയതി NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കും.

*FA 3 /2014* **വിവാഹ ഒരുക്ക സെമിനാർ**

| | | | |
|---|---|---|---|
| Jan. | 8 - 10 | - | NESTT |
| " | 22 - 24 | - | NESTT |

**Ph. 9142588488, 9495011191**

*Director*

---

## ഓൾ കേരള കാത്തലിക് കോൺഗ്രസ് (AKCC)

*AKCC 1 /2014*

കത്തോലിക്കാ കോൺഗ്രസ്സ് കോതമംഗലം രൂപത പ്രവർത്തക സമിതി യോഗം 12.12.2013 വൈകിട്ട് 5 മണിയ്ക്ക് കോതമംഗലം ബിഷപ്പ്സ് ഹൗസിൽവച്ച് രൂപതാ ഡയറക്ടർ വികാരി ജനറൽ റവ. ഡോ. ജോർജ്ജ് ഒലിയപ്പുറത്തിന്റെ അദ്ധ്യക്ഷതയിൽ കൂടി. യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. ബിജു പറയന്നിലം സന്നിഹിത നായിരുന്നു. ജനുവരി മാസം 31-നകം മുഴുവൻ അംഗങ്ങളുടേയും മെമ്പർഷിപ്പ് പുതുക്കി യൂണിറ്റ് തെരഞ്ഞെടുപ്പുകൾ നടത്തി സംസ്ഥാനകമ്മറ്റി ഓഫീസിൽ യൂണിറ്റ് രജിസ്ട്രേഷൻ പൂർത്തിയാക്ക ണമെന്ന് തീരുമാനിച്ചു. യൂണിറ്റ് തെരഞ്ഞെടുപ്പുകളും രജിസ്ട്രേഷനു കളും പൂർത്തിയായാലുടൻ രൂപതാ തെരഞ്ഞെടുപ്പു നടത്തുവാൻ തീരുമാനിച്ചു. ദളിത് ക്രൈസ്തവരുടെ സംവരണത്തിനുവേണ്ടി ഡൽ ഹിയിൽ പ്രതിഷേധം നടത്തിയ അഭിവന്ദ്യ പിതാവിനേയും സിസ്റ്റേ ഴ്സിനേയും അറസ്റ്റ് ചെയ്തത് യോഗം അപലപിച്ചു. ദളിത് ക്രൈസ്ത വരുടെ സംവരണ അനുകൂല്യങ്ങൾക്കായി ശക്തമായി നിലകൊ ള്ളുവാൻ യോഗം തീരുമാനിച്ചു.

12.12.2013-ൽ വൈകിട്ട് 7 മണിയ്ക്ക് കോതമംഗലം കത്രീഡൽ പള്ളിയിൽ വച്ച് കോതമംഗലം ഫൊറോന കമ്മിറ്റി കൂടുകയുണ്ടായി. ഫൊറോനാ ഡയറക്ടർ റവ. ഡോ. തോമസ് പെരിയപ്പുറം യോഗം ഉദ്ഘാടനം ചെയ്തു. യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. ബിജു പറയന്നിലം, രൂപതാ ജനറൽ സെക്രട്ടറി അഡ്വ. ജോസ് ഇലഞ്ഞിക്കൽ, സെക്രട്ടറിമാരായ ബിനു മണ്ണൂർ, ടോം. ജെ. കല്ലറയ്ക്കൽ എന്നിവർ സന്നിഹിതരായിരുന്നു.

13.12.2013-ൽ കുട്ടമ്പുഴയിൽ വച്ച് കസ്തൂരിരംഗൻ റിപ്പോർട്ടിനെതിരായി കുട്ടമ്പുഴ സംരക്ഷണ സമിതി നടത്തുന്ന റാലിയിലും പ്രതിഷേധയോഗത്തിലും സജീവമായി പങ്കെടുക്കുവാൻ തീരുമാനിച്ചു റാലിയിലും പ്രതിഷേധ യോഗത്തിലും രൂപതാ ഫൊറോനാ ഭാരവാഹികളുടേയും പ്രവർത്തകരുടേയും സജീവ സാന്നിദ്ധ്യമുണ്ടായിരുന്നു.

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

### *PG 1 /2014* ആന്തരികസൗഖ്യധ്യാനം

2014 ജനുവരി 12 ഞായർ 4.00 pm മുതൽ 17 വെള്ളി 9.00 am വരെ മൂവാറ്റുപുഴ NESTT -ൽ വച്ച് ആന്തരിക സൗഖ്യധ്യാനമുണ്ട്. ബഹു. വികാരിയച്ചന്മാർ ഈ വിവരം പള്ളിയിൽ അറിയിപ്പായി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

### *PG 2 /2014* വൈദികർക്കായി കരിസ്മാറ്റിക് ധ്യാനം

ആലുവ നിവേദിതയിൽ വച്ച് 2014 ജനുവരി 13 തിങ്കൾ 3.00 pm മുതൽ 16 വ്യാഴാഴ്ച രാത്രി 10 മണി വരെ KST ക്രമീകരിക്കുന്ന ഒരു ധ്യാനമുണ്ട്. അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവും ബഹു. സേവ്യർ ഖാൻ വട്ടായിൽ അച്ചനുമാണ് ധ്യാനം നയിക്കുന്നത്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അറിയിക്കുക. (വിശദവിവരങ്ങൾ ദൈവരാജ്യം ഈ ലക്കം വാർത്തകളും വിശേഷങ്ങളും പേജിൽ).

### *PG 3 /2014* കോതമംഗലം ബൈബിൾ കൺവെൻഷൻ

കോതമംഗലം സബ്സോണിന്റെ ആഭിമുഖ്യത്തിൽ കോതമംഗലത്തുവച്ച് മനോഹരമായ വിധത്തിൽ ഡിസംബർ 22-27 തീയതികളിൽ ബൈബിൾ കൺവെൻഷൻ നടന്നു. ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയ ബഹു. കത്തീഡ്രൽ വികാരി വെരി. റവ. ഡോ. തോമസ് പെരിയപ്പുറത്തിനും കൊച്ചച്ചന്മാർക്കും സബ്സോൺ സർവീസ് ടീമിനും പ്രാർത്ഥന ഗ്രൂപ്പ് അംഗങ്ങൾക്കും ആത്മാർത്ഥമായ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

*Director*

## മാതൃദീപ്തി

*MD1 /2014* **എസ്തേർ ധ്യാനം**

ജനുവരി 3 വെള്ളിയാഴ്ച രാവിലെ 9.30-ന് ആരംഭിച്ച് 5-ാം തീയതി ഞായറാഴ്ച 4.00 മണിക്ക് അവസാനിക്കും.

ധ്യാനം നയിക്കുന്നത് രൂപതാഡയറക്ടർ റവ. ഫാ. ജോസഫ് എഴുമായിൽ, പ്രസിഡന്റ് ശ്രീമതി ആനി ജോസഫ് ഇളയിടം.

*MD2 /2014* **എഫാത്താ**

ജനുവരി 28-ന് 'എഫാത്താ' ഏകദിനധ്യാനം സെന്റ് മേരീസ് ചർച്ച് കുട്ടമ്പുഴ.

*MD3 /2014* **വിവാഹസഹായനിധി 2014**

നിർധനരായ പെൺകുട്ടികളുടെ വിവാഹത്തിനായി മാതൃദീപ്തി അംഗങ്ങൾ മുൻകാലങ്ങളിൽ ചെയ്തിരുന്നതുപോലെ വിവാഹസഹായനിധി സമാഹരിക്കുന്നു. മാതൃദീപ്തി അംഗങ്ങളുടെ സംഭാവനയിലൂടെ ഇതിനുള്ള സമാഹരണം നടത്തണമെന്നാണ് നമ്മൾ ആഗ്രഹിക്കുന്നത്. സംഭാവനസമാഹരണത്തിനുള്ള കത്തുകളും കവറുകളും ഇടവകകളിൽ എത്തിച്ചിട്ടുണ്ട്. ബ. ഡയറക്ടർ അച്ചന്മാർ ഈ വിവാഹസഹായനിധി സമാഹരണത്തിന് നേതൃത്വം നൽകുമല്ലോ.

*Director*

---

## സിംഗിൾസ് അപ്പോസ്റ്റലേറ്റ്

*SA 1 /2014*

ഡിസംബർ 5, 6, 7 തീയതികളിൽ എമ്മാവൂസിൽ വച്ച് നടന്ന

മരിയൻ സിംഗിൾസ് കൺവെൻഷനിൽ നമ്മുടെ രൂപതയിൽ നിന്നും 20 പേർ പങ്കെടുത്തു.

*SA 2 /2014*

ജനുവരി 13-ാം തീയതി തിങ്കളാഴ്ച മരിയൻ സിംഗിൾസ് കൂട്ടായ്മ NESTT-ൽ രാവിലെ 10 മണിമുതൽ 2 മണിവരെ.

*Director*

---

## NESTT Programme

**Ph. 0485 - 2830033**

| | | |
|---|---|---|
| Jan. | 3 - 5 | - എസ്തേർ ധ്യാനം |
| " | 8 - 10 | - വിവാഹഒരുക്ക സെമിനാർ |
| " | 12 - 17 | - ആന്തരിക സൗഖ്യം |
| " | 22 - 24 | - വിവാഹഒരുക്ക സെമിനാർ |

*Director*

---

## *Festal Greetings*

| | | | |
|---|---|---|---|
| Rev. Fr. | Sebastian Arolichalil | **January** | 20 |
| » | Sebastian Kadambanatt | » | 20 |
| » | Sebastian Kallumkal | » | 20 |
| » | Sebastian Kanimattathil | » | 20 |
| » | Sebastian Namattathil | » | 20 |
| » | Sebastian Pannarakunnel | » | 20 |
| » | Sebastian Thuruthippillil | » | 20 |
| » | Sebastian Valiyathazhathu | » | 20 |
| » | Sebastian Valloppillil | » | 20 |

# വാർത്തയും വിശേഷങ്ങളും

## വൈദികർക്കായി കരിസ്മാറ്റിക് നവീകരണധ്യാനം

വൈദികർക്കായി കരിസ്മാറ്റിക് നവീകരണധ്യാനം 2014 ജനുവരി 13 തിങ്കളാഴ്ച 3 മണി മുതൽ 16-ാം തീയതി വ്യാഴാഴ്ച രാത്രി 10 മണിവരെ ആലുവ നിവേദിതയിൽ വച്ച് നടക്കുകയാണ്. കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ, അട്ടപ്പാടി സെഹിയോൻ ഡയറക്ടർ ഫാ. സേവ്യർ ഖാൻ വട്ടായിൽ എന്നിവരാണ് ധ്യാനം നയിക്കുക.

N.B: അച്ചൻ പങ്കെടുക്കുന്ന വിവരം 9446737776 നമ്പറിലോ താഴെ കൊടുക്കുന്ന അഡ്രസിലോ അറിയിക്കുക. Emmaus, H.M.T. Colony P.O., Ernakulam 683 503, Kerala, India, email: kccrsemmaus@yahoo.com

## സൊസൈറ്റി ഓഫ് വിൻസെന്റ് ഡി. പോൾ

### ദുരിതാശ്വാസപ്രവർത്തനങ്ങൾ

കോതമംഗലം രൂപതാതിർത്തിയിലുള്ള വിവിധ പ്രദേശങ്ങളിൽ 2013 ജൂൺ, ആഗസ്റ്റ് മാസങ്ങളിലുണ്ടായ അതിഭീകരമായ പ്രകൃതി ദുരന്തങ്ങളിൽ കഷ്ടത അനുഭവിക്കേണ്ടിവന്ന കുടുംബങ്ങൾക്ക് വിവിധ കോൺഫറൻസുകളിലെ അംഗങ്ങളിൽ നിന്നും വിഭവസമാഹരണം നടത്തി ലഭിച്ച 150000 രൂപ അതതു പ്രദേശങ്ങളിലെ കോൺഫറൻസുകൾ വഴി വിതരണം ചെയ്തു. ഈ യജ്ഞത്തിൽ വിവിധ കോൺഫറൻസുകളും ഏരിയാ കൗൺസിലുകളും ആത്മാർത്ഥമായി സഹകരിച്ചു.

### ദുരിതാശ്വാസപ്രവർത്തനങ്ങൾ

മുതലക്കോടം, കരിമണ്ണൂർ, കരിമണ്ണൂർ ഈസ്റ്റ് എന്നീ ഏരിയാ കൗൺസിലുകളുടെ ആഭിമുഖ്യത്തിൽ ഏകദിനസെമിനാർ നടത്തി. കോതമംഗലം സെൻട്രൽ കൗൺസിലിന്റെ വൈസ്പ്രസിഡന്റും നാഷണൽ കൗൺസിൽ ജോയിന്റ് സെക്രട്ടറിയുമായ ശ്രീ. പി. ഐ. ജോസഫ് പെരിയക്കോട്ടിലാണ് ക്ലാസ്സുകൾ നയിച്ചത്. ചടങ്ങിനോടനുബന്ധിച്ച് നിർധനരായ കുടുംബങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് 43 കട്ടിലുകൾ വിതരണം ചെയ്തു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് പ്രൊഫ. ജോൺസൺ വർഗീസിന്റെ സാന്നിധ്യത്തിൽ സൊസൈറ്റിയുടെ

ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. സ്റ്റാൻലി കുന്നേൽ കട്ടിൽ വിതരണം ഉദ്ഘാടനം ചെയ്തു.

**അമ്മമാർക്കു സൗജന്യ കംപ്യൂട്ടർ പരിശീലനം**

കുളപ്പുറം കാൽവരിഗിരി കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ അമ്മമാർക്ക് സൗജന്യമായി കംപ്യൂട്ടർ പരിശീലനം നൽകുന്നതിനു വേണ്ടി ഒരു കംപ്യൂട്ടർ വാങ്ങി എസ്.ഡി. കോൺവെന്റിലെ സിസ്റ്റേഴ്സിനെ ഏല്പിച്ചു. ബഹു. സിസ്റ്റേഴ്സിന്റെയും ഇടവകയിലുള്ള യുവജനങ്ങളുടെയും നേതൃത്വത്തിലാണ് പരിശീലനപരിപാടി നടക്കുന്നത്.

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**നവംബർ**

21 • രൂപതാംഗവും പോത്താനിക്കാട് ഇടവകാംഗവുമായ ബഹു. ജോസഫ് പുളിക്കലച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.
- എസ്.ഡി. സന്യാസിനീസമൂഹാംഗമായ റവ. സി. സാർത്തോനീറംപുഴയുടെ മൃതസംസ്കാരശുശ്രൂഷയിൽ സംബന്ധിച്ചു.
- രൂപതാ കേന്ദ്രത്തിലെ ബഹു. വൈദികർ അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ ഇടുക്കി രൂപതാകാര്യാലയം സന്ദർശിച്ചു. ഗാഡ്ഗിൽ – കസ്തൂരിരംഗൻ റിപ്പോർട്ടുകളിന്മേൽ പ്രതിസന്ധി നേരിടുന്ന രൂപതയുടെ പ്രവർത്തനങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തു.

22 • വിശ്വാസവർഷ സമാപനത്തിന്റെ ഭാഗമായി ഉപവാസ ദിവസമായി ആചരിച്ചു.
- കറുകടം FCC കോൺവെന്റ് സന്ദർശിച്ചു.

23 • കോതമംഗലം വിമലാഭവനിൽ പുതുതായി നിർമ്മിച്ച ബലിപീഠം റൂശ്മ ചെയ്ത് ദിവ്യബലി അർപ്പിച്ചു.
- വിശ്വാസവർഷസമാപനത്തോടനുബന്ധിച്ച് കത്തീഡ്രലിൽ നടത്തിയ ദിവ്യകാരുണ്യആരാധനയിൽ പങ്കുചേർന്നു.

24 • വിശ്വാസവർഷത്തിന് സമാപനം കുറിച്ച് ദിവ്യകാരുണ്യദിനമായി ആചരിച്ചു. അഭിവന്ദ്യ പിതാവ് കത്തീഡ്രലിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി.

- ആയവന ഇടവകാംഗമായ നീലനാൽ ജോർജ് വർഗീസിന്റെ മൃത ദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.
- മുവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തിയ രൂപത യുവജനസംഗമ ത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി.

25
- കുറുപ്പംപടി സി.എം.സി. മിഷൻ ഹൗസിൽ ദിവ്യബലി അർപ്പിച്ചു.
- ആരക്കുഴ ഇടവക മാതേയ്ക്കൽ കുട്ടിയമ്മ വർഗീസിന്റെ മൃത ദേഹത്തിനരികിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.
- വഴിത്തല സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ ഹെഡ്മാസ്റ്റ റായ ശ്രീ. മാത്യു ടി. പെരുമ്പനാനിയ്ക്ക് സംസ്ഥാന അധ്യാ പക അവാർഡ് ലഭിച്ചതിനെ തുടർന്ന് നടത്തിയ അനുമോദന യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു.
- രൂപതാംഗവും മുതലക്കോടം ഇടവകാംഗവുമായ ബഹു. മാത്യൂസ് എടാട്ടേൽ അച്ചന്റെ അമ്മയുടെ (റോസമ്മ മത്തായി) നിര്യാണ ത്തിൽ മൃതദേഹത്തിനരികെ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.
- മുവാറ്റുപുഴ നിർമ്മല കോളേജിൽ വച്ച് നടത്തിയ അവയവദാന സമ്മതപത്ര സമർപ്പണ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു.
- മൂവാറ്റുപുഴ നിർമ്മല കോളേജിലെ അനദ്ധ്യാപക സ്റ്റാഫിന്റെ യോഗം നടത്തി.

26
- വാഴക്കുളം എം.എസ്.ജെ. കോൺവെന്റിൽ ദിവ്യബലി അർപ്പിച്ചു.
- ഭക്തസംഘടനകളുടെ ഡയറക്ടർമാരുടെയും പ്രസിഡന്റുമാ രുടെയും യോഗം രൂപതാകേന്ദ്രത്തിൽ വച്ച് ചേർന്നു.
- തിരുഹൃദയസന്യാസിനീസമൂഹാംഗവും തെന്നത്തൂർ ഇടവകാം ഗവുമായ റവ. സി. ഇവാഞ്ചലിസ്റ്റ് തലയ്ക്കലിന്റെ മൃതസംസ്കാ രശുശ്രൂഷകൾക്ക് മൈലക്കൊമ്പ് മഠത്തിൽ വച്ച് കാർമ്മികത്വം വഹിച്ചു.

27
- രൂപത കോർപ്പറേറ്റ് ഏജൻസിയുടെ നേതൃത്വത്തിൽ വാഴക്കുള ത്തുവച്ച് നടത്തിയ അദ്ധ്യാപക സെമിനാർ ഉദ്ഘാടനം ചെയ്തു. തൃശൂർ അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ പ്രഭാഷണം നടത്തി.
- ആരക്കുഴ ഇടവക കുന്നപ്പിള്ളിൽ ജോസഫിന്റെ മൃതദേഹത്തി നരികെ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.
- മുത്തംകുഴി എം.എസ്.ജെ. (ഫാദേഴ്സ്) സെമിനാരിയിൽ ദിവ്യ ബലി അർപ്പിച്ചു.

28 • മൂവാറ്റുപുഴ ഹോളിഫാമിലി പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യ ബലിയർപ്പിച്ചു.
• പരീക്കണ്ണി ജീവ മിൽക്ക് പ്ലാന്റ് സന്ദർശിക്കുകയും സ്റ്റാഫംഗ ങ്ങളെ കാണുകയും ചെയ്തു.
29 • ജർമ്മനിയിലെ Trier രൂപത മെത്രാൻ സ്റ്റീഫൻ അക്രമനും പ്രതി നിധി സംഘത്തിനും രൂപതാകേന്ദ്രത്തിൽ സ്വീകരണം നൽകി.
• ദീപികയുടെയും രൂപത സോഷ്യൽ സർവീസ് സൊസൈറ്റിയു ടെയും ഇൻഫാമിന്റെയും നേതൃത്വത്തിൽ കോതമംഗലത്ത് വച്ച് നടത്തിയ കർഷകസംഗമത്തിന് അദ്ധ്യക്ഷത വഹിച്ചു.
30 • രാമല്ലൂർ സി.എം.സി. നൊവിഷ്യേറ്റ് ഹൗസിൽ ദിവ്യബലി അർപ്പിച്ചു.
• കോതമംഗലം കത്തീഡ്രലിൽ നടത്തിയ ദമ്പതി സംഗമത്തിൽ ആശംസകൾ അർപ്പിക്കുകയും സമ്മാനങ്ങൾ നല്കുകയും ചെയ്തു.

**ഡിസംബർ**

1 • ആലക്കോട് ഇടവകയുടെ സുവർണ്ണ ജൂബിലിയ്ക്ക് ആരംഭം കുറിച്ചുകൊണ്ട് ദിവ്യബലി അർപ്പിക്കുകയും സന്ദേശം നൽകു കയും ചെയ്തു.
• നാകപ്പുഴ ഇടവക വെട്ടിക്കാട്ട് ഏലിക്കുട്ടിയുടെ മൃതദേഹത്തിന രികെ ഒപ്പീസ് ചൊല്ലി.
2 • കോതമംഗലം കത്തീഡ്രൽ ഇടവകാംഗമായ ചാൽഭാഗം ഏലി ക്കുട്ടിയുടെ മൃതദേഹത്തിനരികെ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.
• രൂപതയിലെ ഡീക്കന്മാരുടെയും അവരുടെ മാതാപിതാക്കളു ടെയും ഇടവകവികാരിമാരുടെയും യോഗം രൂപതാകേന്ദ്ര ത്തിൽവച്ച് നടത്തി.
• കോതമംഗലം കത്തീഡ്രൽ ഇടവകാംഗമായ ഇലഞ്ഞിക്കൽ വർഗീസിന്റെ മൃതദേഹത്തിനരികെ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.
3 • ജീവമിൽക്ക് സൊസൈറ്റിയുടെ തെങ്കാശിയിലുള്ള പ്ലാന്റ് അഭി വന്ദ്യ പിതാവ് സന്ദർശിച്ചു.
4 • കാഞ്ഞിരപ്പള്ളിയിൽ വച്ച് നടത്തിയ റീജണൽ ബിഷപ്പുമാരുടെ ധ്യാനത്തിൽ പങ്കെടുത്തു.
6 • തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈനിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി.
7 • രൂപത മിഷൻലീഗിന്റെ സുവർണ്ണ ജൂബിലി സമാപനത്തോടനു

ബന്ധിച്ച് നടത്തിയ ജാഗരണപ്രാർത്ഥനയുടെ ആരംഭത്തിൽ കോതമംഗലം കത്തീഡ്രലിൽ അനുഗ്രഹപ്രഭാഷണം നടത്തി.

8 • മണികണ്ഠംചാൽ പള്ളിയുടെ രജതജൂബിലി സമാപനത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.
- കേരള ലേബർമൂവ്മെന്റിന്റെ പ്രതിനിധി സമ്മേളനത്തിന് കോതമംഗലം കത്തീഡ്രലിൽ അദ്ധ്യക്ഷത വഹിച്ചു.

9 • കേരള മുഖ്യമന്ത്രിയുടെ ഇടുക്കി ജില്ലയിലെ ജനസമ്പർക്കപരിപാടിയോടനുബന്ധിച്ച് തൊടുപുഴ ന്യൂമാൻ കോളേജിൽ അഭിവന്ദ്യപിതാവ് എത്തുകയും മലയോരകർഷകരുടെ പ്രതിസന്ധി അറിയിച്ചുകൊണ്ട് രൂപതയുടെ പേരിൽ നിവേദനം സമർപ്പിക്കുകയും ചെയ്തു.
- രൂപതാ പാസ്റ്റൽ കൗൺസിലിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗ് രൂപതാകേന്ദ്രത്തിൽ വച്ച് നടത്തി.

10 • പാലക്കാട് രൂപതാംഗവും പഴുവിൽ ഇടവകാംഗവുമായ റവ. സെബാസ്റ്റ്യൻ ഇരുമ്പൻ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.
- കെ.സി.ബി.സിയുടെ യോഗത്തിൽ പങ്കെടുത്തു.

13 • രൂപതയിൽ തിരുപ്പട്ടം സ്വീകരിക്കുന്ന സന്യാസസമൂഹാംഗങ്ങളായ ഡീക്കന്മാരുടെയും അവരുടെ മാതാപിതാക്കളുടെയും വികാരിമാരുടെയും യോഗം നടത്തി.
- ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകളിന്മേലുള്ള പ്രതിഷേധം അറിയിക്കുന്നതിനായി കുട്ടമ്പുഴയിൽ കർഷകരുടെ നേതൃത്വത്തിൽ പൊതുസമ്മേളനം നടത്തി. അഭിവന്ദ്യപിതാവ് യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു.

14 • വടകോട് പള്ളിയിൽ ദിവ്യബലി അർപ്പിക്കുകയും പുതുതായി നിർമ്മിച്ച കൽക്കുരിശും കൊടിമരവും വെഞ്ചരിക്കുകയും ചെയ്തു.
- പൈങ്കുളം ആശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന Alchaholic Anonymous Group -ന്റെ രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി നടത്തിയ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു.
- രൂപതാ കേന്ദ്രത്തിൽ വച്ച് നടത്തിയ പ്രധാനാദ്ധ്യപകരുടെ യോഗത്തിന് ആശംസകൾ അർപ്പിച്ചു.

15 • കുണിഞ്ഞി ഇടവകയിൽ ഇടയസന്ദർശനം നടത്തി.

• കർമ്മലീത്താ സന്യാസിനീസമൂഹാംഗമായ റവ. സി. ഫ്ളവർ ലെറ്റ് പോത്തനാമുഴിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ആരക്കുഴ മഠത്തിൽ വച്ച് കാർമ്മികത്വം വഹിച്ചു.

• കോതമംഗലം ബൈബിൾ കൺവെൻഷനിൽ സംബന്ധിച്ചു.

16 • തക്കല രൂപതാംഗവും മാങ്കുളം ഇടവകാംഗവുമായ റവ. ഫാ. തോമസ് തെക്കേലിന്റെ മൃതദേഹത്തിനരികിൽ ഒപ്പീസു ചൊല്ലി.

• കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് നടത്തിയ ലിറ്റർജിക്കൽ കമ്മിറ്റിയുടെ യോഗത്തിൽ പങ്കെടുത്തു.

• കോതമംഗലം ബൈബിൾ കൺവെൻഷനിൽ സംബന്ധിച്ചു.

17 • പോത്താനിക്കാട് ഇടവക കുമ്മണ്ണൂപ്പറമ്പിൽ ഫിലോമിന ജോസിന്റെ മൃതദേഹത്തിനരികിൽ ഒപ്പീസുചൊല്ലി.

• പൈങ്ങോട്ടൂർ ഇടവക ചെറുകാട്ട് മറിയക്കുട്ടിയുടെ മൃതദേഹത്തിനരികിൽ ഒപ്പീസുചൊല്ലി.

• രൂപതാകേന്ദ്രത്തിൽ വച്ച് ചേർന്ന പ്രസ്ബിറ്ററൽ കൗൺസിൽ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു.

• കോതമംഗലം ബൈബിൾ കൺവെൻഷനോടനുബന്ധിച്ച് ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകുകയും കൺവെൻഷനിൽ സംബന്ധിക്കുകയും ചെയ്തു.

18 • മൂവാറ്റുപുഴ നിർമ്മല കോളേജിൽ വച്ച് നടത്തിയ ക്രിസ്മസ് ആഘോഷത്തിൽ സന്ദേശം പങ്കുവയ്ക്കുകയും പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന പ്രിൻസിപ്പൽ ബഹു. വിൻസെന്റ് നെടുങ്ങാട്ട് അച്ചന് ആശംസകൾ അർപ്പിക്കുകയും ചെയ്തു.

• പുതുതായി നിർമ്മിച്ച ചെപ്പുകുളം ഇടവക ദൈവാലയത്തിന്റെ പ്രതിഷ്ഠ നിർവഹിച്ചു.

• ജീസസ്സ് യൂത്തിന്റെ നേതൃത്വത്തിൽ നടത്തിയ ഇന്റർ വില്ലേജ് എക്സ്പീരിയൻസിൽ ഒന്നുചേർന്ന 18 യുവാക്കൾ രൂപതാകേന്ദ്രം സന്ദർശിച്ചു. അഭിവന്ദ്യ പിതാവ് അവർക്ക് ആശംസകൾ നേർന്നു.

21 • അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ രൂപതാ പാസ്റ്ററൽ കൗൺസിൽ യോഗം ചേർന്നു.

24 • അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ രൂപതാകേന്ദ്രത്തിലെ

വൈദികർ, മൂവാറ്റുപുഴ NESTT -ൽ എത്തി അഭിവന്ദ്യ ജോർജ് പുന്നക്കോട്ടിൽ പിതാവിന് ക്രിസ്തുമസ് ആശംസകൾ അർപ്പിച്ചു.

- അഭിവന്ദ്യ പിതാവ്, രൂപതാവൈദിക മന്ദിരങ്ങളായ വാഴപ്പിള്ളി ശാന്തിനിലയം, മുതലക്കോടം സാൻജോഭവൻ, അയിരൂർപാടം എന്നിവിടങ്ങൾ സന്ദർശിക്കുകയും ബഹുമാനപ്പെട്ട വൈദികർക്ക് ക്രിസ്തുമസ് ആശംസകൾ അർപ്പിക്കുകയും ചെയ്തു.

25 • ക്രിസ്തുമസിനോടനുബന്ധിച്ച് കത്തീഡ്രൽ പള്ളിയിൽ ദിവ്യ ബലി അർപ്പിക്കുകയും തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിക്കുകയും ചെയ്തു.

26 • കദളിക്കാട് ഇടവക കൊച്ചുപുരയ്ക്കൽ മാത്യു ഡീക്കന് വൈദികപട്ടം നൽകി.

## Bishop's Engagements

**JANUARY 2014**

| | | | | |
|---|---|---|---|---|
| 1 | Wed | Ordination | Cheenikuzhy | 9.15 am |
| 2 | Thu | Ordination | Neyyassery | 9.15 am |
| | | Holy Mass | Mannanam | 4.30 pm |
| 3 | Fri | Holy Mass | Vakkad | 4.30 pm |
| 4 | Sat | Meeting | Bishop's House | 10.00 am |
| | | Ordination | Muthalakodam | 2.15 pm |
| 5 | Sun | Ordination | Vazhakala | 9.15 am |
| | | Holy Mass | Muthalakodam | 12.00 noon |
| 6 | Mon | Ordination | Kaliyar | 9.15 am |
| | | Holy Mass | Nakapuzha | 11.30 am |
| | | New Priests' Day | Bishop's House | 6.00 pm |
| 7 Tue - 11 Sat | | Synod | Kakkanad | |
| 12 | Sun | Meeting | Anicadu | 3.00 pm |
| | | Holy Mass | Koduvely | 4.30 pm |
| 13 | Mon | Meeting | Adimaly | 2.00 pm |
| 14 | Tue | Holy Mass | Vazhappilly | 7.00 am |
| | | Meeting | Malayinkeezhu | 7.00 pm |
| 16 | Thu | Meeting | Muvattupuzha | 11.00 am |
| 17 | Fri | Visitors' Day | | |
| 18 | Sat | Holy Mass | Muvattupuzha | 11.00 am |
| 19 | Sun - 28Tue | | Holy Land | |
| 29 | Wed | Meeting | Bishop's House | 6.00 pm |
| 30 | Thu | Holy Mass | Nadukani | 4.30 pm |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. അഗസ്റ്റിൻ പള്ളിക്കുന്നേൽ | ചരമദിനം | 01-02-2011 |
| ഫാ. ജോസ് പുന്നോലിൽ | ” | 14-02-1996 |
| ഫാ. ജേക്കബ് നെടുങ്കല്ലേൽ | ” | 17-02-2007 |
| ഫാ. ജോൺ വലിയമറ്റം | ” | 19-02-1999 |
| ഫാ. മാത്യു കുന്നത്ത് | ” | 25-02-1998 |
| ഫാ. തോമസ് തോളത്തിൽ | ” | 26-02-2000 |

## നിര്യാതരായി

### സി. ഇവാഞ്ചലിസ്റ്റ് തലയ്ക്കൽ S.H.

| | | |
|---|---|---|
| ഇടവക | : | തെന്നത്തൂർ |
| ജനനം | : | 14-06-1926 |
| ആദ്യവ്രതം | : | 05-05-1952 |
| നിത്യവ്രതം | : | 04-05-1957 |
| മരണം | : | 25-11-2013 |
| മൃതസംസ്കാരം | : | 26-11-2013 (മൈലക്കൊമ്പ്) |

### സി. ഫ്ളവർലറ്റ് C.M.C. പോത്തനാമുഴി

| | | |
|---|---|---|
| ഇടവക | : | ആരക്കുഴ |
| ജനനം | : | 02-12-1926 |
| ആദ്യവ്രതം | : | 09-02-1950 |
| നിത്യവ്രതം | : | 02-01-1956 |
| മരണം | : | 14-12-2013 |
| മൃതസംസ്കാരം | : | 15-12-2013 (ആരക്കുഴ മഠം) |

### സി. പുഷ്പ C.M.C. വരിയ്ക്കശ്ശേരിൽ

| | | |
|---|---|---|
| ഇടവക | : | കരിമണ്ണൂർ |
| ജനനം | : | 12-10-1950 |
| ആദ്യവ്രതം | : | 15-05-1972 |
| നിത്യവ്രതം | : | 25-05-1977 |
| മരണം | : | 19-12-2013 |
| മൃതസംസ്കാരം | : | 20-12-2013 (കോഴിപ്പിള്ളി മഠം) |